# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

സെപ്തംബർ 2024 | വാല്യം 51 ലക്കം 6 | പേജ് 8 | വില 10.00 രൂപ

UNITY Monthly | September 2024 | Volume 51 Issue 6 | Chief Editor: JAISON JOSEPH | Page 8 | Price Rs. 10.00




# പ്രാണനും മാനത്തിനും വേണ്ടി പിടയുന്ന സ്ത്രീസമൂഹം: ആരാണുത്തരവാദികൾ?

**സ്ത്രീകളുടെ സാമൂഹ്യസുരക്ഷ ദിനം ചെല്ലുംതോറും പേടിപ്പെടുത്തുംവിധം അസ്തമിക്കുന്ന ഇടമായി നമ്മുടെ രാജ്യം മാറുകയാണ്. പുരുഷമേധാവിത്വത്തിന്റെയും ഭരണാധിപത്യത്തിന്റെയും ബലിഷ്ഠകരങ്ങളാൽ നിശ്ശബ്ദരാക്കപ്പെട്ട്, അന്നനാളങ്ങളിൽ കുടുങ്ങിയ നിലവിളികളോടെ പ്രാണൻ നിലച്ച എത്രയോ സ്ത്രീജന്മങ്ങൾ... ഇപ്പോൾ കൊൽക്കത്ത ആർ.ജി കർ ആശുപത്രിയിലെ വനിതാ ഡോക്ടറാണ് അന്തമില്ലാതെ നീളുന്ന നിരയിലെ അവസാനത്തെ ഇര.**

**1891**ൽ ക്രൂരമായ ബലാൽസംഗത്തിനിരയായ പതിനൊന്നുകാരി ഫുൽമണി ദാസിയുടെ കൊലപാതകമാണ് സ്ത്രീസുരക്ഷയ്ക്ക് വേണ്ടിയുള്ള ആദ്യ നിയമം രൂപപ്പെടുത്താൻ ബ്രിട്ടീഷ് സർക്കാരിനെ നിർബ്ബന്ധിതമാക്കിയത്. 1980ൽ യു.പിയിലെ ബാഗ്പെതിൽ തെരുവിൽ നഗ്നയാക്കപ്പെട്ട്, പോലീസ് സ്റ്റേഷനിൽ കൂട്ടബലാൽസംഗത്തിനിരയായ മായാത്യാഗി ലോകത്തിനുമുൻപിൽ തകർക്കപ്പെടുന്ന സ്ത്രീ സുരക്ഷയുടെ മരവിച്ച പ്രതീകമായപ്പോൾ ലോകമെമ്പാടുമുയർന്ന പ്രതിഷേധം, ഇത് ഇനി ആവർത്തിക്കപ്പെടരുതെന്ന് താക്കീതു ചെയ്തു. എന്നാൽ സ്ത്രീകൾക്കുമേലുള്ള വേട്ടയും കൊടിയ പീഡനങ്ങളും ചൂഷണവും വീണ്ടും വീണ്ടും തുടർന്നു. ആർക്കും ഓർമ്മയിൽ സൂക്ഷിക്കാനാവാത്തവിധം ജീവനെടുക്കപ്പെട്ട സ്ത്രീകളുടെ പേരുകൾ കുമിഞ്ഞുകൂടി. ഇതിനൊരവസാനമില്ലേ എന്ന വേദനാപൂർവ്വമുള്ള ചോദ്യം ഇന്ന് രാജ്യം മുഴുവൻ മുഴങ്ങുന്നു.

മാഥുരയും ബാഗ്പെത്തും കത്വയും ഉന്നാവയും ഹത്രാസും കൊൽക്കത്തയുമെല്ലാം ഈ ഭൂമിയിൽ ജീവിക്കാൻ അലംഘനീയമായ അവകാശമുണ്ടായിരുന്ന പെൺകുട്ടികൾ എരിഞ്ഞൊടുങ്ങിയ പട്ടടകളുടെ പേരുകളാണ്. ഓരോ തവണയും ഇത് അവസാനത്തേതാകണമെന്ന് മനുഷ്യസ്നേഹികൾ ഉള്ളുരുകി ആഗ്രഹിച്ചു. പക്ഷേ അതൊന്നും സഫലമായില്ല. പിറവിയെടുത്തത് മനുഷ്യനായിട്ടാണെങ്കിലും ജന്മം സ്ത്രീയുടേതായിപ്പോയി എന്ന ഒരൊറ്റ കാരണത്താൽ ഈ മനുഷ്യകുലത്തെ പെറ്റുപോറ്റിയ സ്ത്രീകളുടെ ജീവനെടുക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു. അവർക്കുനേരെയുള്ള അതിക്രമങ്ങളിലെ ക്രൂരതകളുടെ മാനം സങ്കൽപ്പിക്കാനാവത്തവിധം ഹൃദയഭേദകമായിരിക്കുന്നു. ബീഭൽസമായ വേട്ടയാണ് കൊൽക്കത്ത ആർ.ജി കർ ആശുപത്രിയിലെ വനിതാ ഡോക്ടർ നേരിട്ടത്. ആ വേട്ടയുടെ തെളിവുകൾ നശിപ്പിക്കാൻ ഒരു വലിയ അക്രമിസംഘത്തെ പറഞ്ഞുവിട്ടും വേട്ടയ്ക്ക് നേതൃത്വം നൽകിയവരെ സംരക്ഷിച്ചും പശ്ചിമബംഗാൾ സർക്കാരും അതിനെ നയിക്കുന്ന കക്ഷിയും രാജ്യത്തെ മുഴുവൻ ജനങ്ങളെയും വെല്ലുവിളിച്ചു, അപമാനിച്ചു. അപമാനഭാരത്താൽ രാജ്യത്തിന്റെ ശിരസ്സ് ഭൂമിയോളം താഴ്ന്നിരിക്കുന്നു.

### സ്ത്രീകൾ നേരിടുന്ന ഈ ഘോരദുരന്തത്തിന്റെ ഉത്തരവാദികൾ ആരാണ്?

സ്വാതന്ത്ര്യത്തിന്റെഏഴരപതിറ്റാണ്ട് പിന്നിടുമ്പോഴും നിയമപരിഷ്ക്കാരങ്ങളും പദ്ധതികളും ഒട്ടനവധി പടച്ചിട്ടും എഴുപതുകോടി സ്ത്രീകൾ നേരിടുന്ന ദുരിതപർവ്വം അവസാനിക്കുന്നില്ല, മറിച്ച് ഭീതിജനകമാംവിധം വർദ്ധിക്കുന്നതെന്തുകൊണ്ടാണ്? സ്ത്രീകൾക്കെതിരെയുള്ളെ ഓരോ അതിക്രമത്തിന്റെയും വാർത്ത നാടിനെ നടുക്കുമ്പോൾ പൊടുന്നനെ സ്ത്രീസംരക്ഷകരായി രംഗത്തുവരുന്ന രാഷ്ട്രീയ നേതൃത്വവും വാർത്തകൾ പരമാവധി 'ആഘോഷിക്കുന്ന' മാധ്യമങ്ങളും ഈ ചോദ്യത്തിന് ഉത്തരം നൽകാൻ ബാധ്യസ്ഥരാണ്. അർപ്പിതമായിട്ടുള്ള ഉത്തരവാദിത്തം നിറവേറ്റാൻ കഴിഞ്ഞോ ഇല്ലയോ എന്ന ഒരു സാമൂഹ്യകണക്കെടുപ്പിന് അവർ വിധേയരാകണം. സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിൽ രാജ്യം ഭരിക്കുന്നവർക്ക് സംഭവിച്ചിട്ടുള്ള വീഴ്ചകളും നിറവേറ്റപ്പെടേണ്ടിയിരുന്ന ഉത്തരവാദി

(ശേഷം 2–ാം പേജിൽ)

## അവശ്യസാധനങ്ങൾക്ക് തീവില

# സമ്പൂർണ സ്റ്റേറ്റ്–ട്രേഡിംഗ് മാത്രം പരിഹാരം

**അ**വശ്യവസ്തുക്കളുടെ വിലക്കയറ്റത്തിനും കുതിച്ചുയരുന്ന ജീവിതച്ചെലവിനും മുന്നിൽ ജനങ്ങൾ പകച്ചുനിൽക്കുകയാണ്. ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം, അധികനികുതി, ചാർജ്ജ് വർദ്ധനവുകൾ, വിദ്യാഭ്യാസ, ചികിത്സാ ചെലവുകളുടെ കുതിച്ചുകയറ്റം, സർക്കാർ സേവനങ്ങൾക്കുള്ള ഫീസ്‌വർദ്ധനവ്തുടങ്ങിയവയെല്ലാം സാധാരണക്കാരന്റെ ജീവിതം കഠിനമാക്കുന്നു. ചെലവുകൾക്ക് ആനുപാതികമായി ശമ്പളമോ കൂലിയോ വർദ്ധിക്കുന്നില്ല, ഒപ്പം ഭയപ്പെടുത്തുന്ന തൊഴിലില്ലായ്മയും. ഓണക്കാലം കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വറുതിക്കാലമായേക്കും എന്ന് വ്യക്തമാണ്. ന്യായമായ വില കർഷകർക്ക് നൽകി ഉൽപ്പന്നങ്ങൾ സംഭരിക്കുകയും മിതമായ വിലയ്ക്കും മതിയായ അളവിലും അവ ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് അടിയന്തരമായി സർക്കാർ ചെയ്യേണ്ടത്.

അരി, പലവ്യഞ്ജനങ്ങൾ, പച്ചക്കറിയുൾപ്പെടെ എല്ലാ ഭക്ഷ്യസാധനങ്ങളുടെയും സിമന്റ് ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികളുടെയും വില തുടർച്ചയായി വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. വില കുറയുന്നത് അപൂർവമായി മാത്രം. കേന്ദ്ര–സംസ്ഥാന സർക്കാരുകൾ സ്വീകരിച്ചുവരുന്ന കുത്തകാനുകൂല നയങ്ങളുടെ സൃഷ്ടിയാണ് പണപ്പെരുപ്പവും വിലക്കയറ്റവുമെല്ലാം.



ചരക്കുകളുടെയും സേവനങ്ങളുടെയും വില ഉയരുമ്പോൾ, ഒരു യൂണിറ്റ് പണത്തിന് വാങ്ങാൻ കഴിയുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ അളവ് ആനുപാതികമായി കുറയുന്നു, അതായത് കൂടുതൽ പണം നൽകേണ്ടിവരുന്നു. ഇതാണ് പണപ്പെരുപ്പം. പണപ്പെരുപ്പവും വിലക്കറ്റവും പരസ്പരബന്ധിതമായ പ്രതിഭാസങ്ങളാണെന്നർത്ഥം.

ഇന്ത്യയിലെ പണപ്പെരുപ്പനിരക്ക് അളക്കുന്നത് രണ്ടുസൂചികകൾ ഉപയോഗിച്ചാണ്. ഒന്ന്, ഉപഭോക്തൃവിലസൂചിക(സിപിഐ അഥവാ കൺസ്യൂമർ പ്രൈസ് ഇൻഡക്സ്). മറ്റൊന്ന് മൊത്തവിലസൂചിക(ഡബ്ല്യുപിഐ അഥവാ ഹോൾസെയിൽ പ്രൈസ് ഇൻഡക്സ്) മൊത്തവ്യാപാരഘട്ടത്തിലെ സാധനങ്ങളുടെ വിലയാണ് മൊത്തവിലസൂചിക പ്രതിനിധീകരിക്കുന്നത്. സ്ഥാപനങ്ങൾക്കിടയിൽ മൊത്തമായി വിൽക്കുന്ന

(ശേഷം 5–ാം പേജിൽ)

## ഹേമ കമ്മിറ്റി റിപ്പോർട്ട്: സിനിമാരംഗത്ത് വനിതകൾ നേരിടുന്ന അതിക്രമങ്ങൾ തടയാൻ അടിയന്തര നടപടികൾ സ്വീകരിക്കുക

**ഹേ**മ കമ്മിറ്റി റിപ്പോർട്ട് പുറത്തു കൊണ്ടുവന്നിരിക്കുന്ന, സിനിമാരംഗത്ത് വനിതാ പ്രവർത്തകർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തര നടപടികൾ കൈക്കൊള്ളണമെന്ന് അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന കമ്മിറ്റി സർക്കാരിനോടാവശ്യപ്പെട്ടു. ഒരു ജനാധിപത്യ സാമൂഹ്യ വ്യവസ്ഥിതിയിൽ നിലനിൽക്കുന്ന നിയമങ്ങളും പൗരാവകാശങ്ങളും പാലിക്കപ്പെടാത്ത ഒരു തൊഴിൽ മേഖലയാണ് സിനിമാ വ്യവസായരംഗം എന്നാണ് ഈ റിപ്പോർട്ട് വെളിവാക്കുന്നത്.

നടി ആക്രമിക്കപ്പെട്ട സംഭവത്തെ തുടർന്ന് സിനിമാരംഗത്തെ ഇത്തരം പ്രശ്നങ്ങൾ പഠിക്കാൻ സർക്കാർ നിയോഗിച്ച കമ്മിറ്റിയാണിത്. പൊതുഖജനാവിൽ നിന്ന് പണം മുടക്കി നിയോഗിച്ച ഈ കമ്മിറ്റിയുടെ റിപ്പോർട്ട് കഴിഞ്ഞ അഞ്ചു വർഷമായിട്ടും പുറത്തു വിടാതിരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാൻ സർക്കാർ ബാധ്യസ്ഥമാണ്. അഭിനേതാക്കൾ മാത്രമല്ല, സംവിധായകരും പ്രൊഡ്യൂസർമാരും മുതൽ ജൂനിയർ ആർട്ടിസ്റ്റുകളും ടെക്നിക്കൽ ജീവനക്കാരുംവരെയുള്ള നിരവധി വനിതകളാണ് സിനിമ ഇൻഡസ്ട്രിയിലുള്ളത്. അവർ നേരിടുന്ന വളരെ ഗുരുതരമായ വിവേചനങ്ങളും ലൈംഗിക പീഡനങ്ങളും ഹേമ കമ്മിറ്റി റിപ്പോർട്ട് സമൂഹത്തിനു മുന്നിൽ വ്യക്തമാക്കിയിരിക്കുന്നു.

ഈ റിപ്പോർട്ട് പുറത്തു വിടാൻ വൈകിയതിനു പിന്നിൽ സർക്കാരിന്റെ നിക്ഷിപ്ത താല്പര്യങ്ങളാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കാതിരുന്നതിലൂടെ ഉണ്ടായ നീതി നിഷേധം മാപ്പർഹിക്കാത്തതാണ്. ഇത്തരമൊരു വിഷയത്തിൽ സമയോചിതം നടപടി സ്വീകരിക്കേണ്ട സർക്കാർ കാണിച്ചിരിക്കുന്ന കുറ്റകരമായ അനാസ്ഥയിൽ അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ■

# ലൈംഗികവൈകൃതത്തിന്റെ മനോഘടനയുള്ള വ്യക്തികളെ വാർത്തെടുക്കുന്ന സാമൂഹ്യവ്യവസ്ഥ

(1–ാം പേജിൽ നിന്ന്)

ത്തങ്ങളും കണ്ടെത്തിയാൽ മാത്രമേ അവ പരിഹരിക്കാനും തിരുത്താനും കഴിയൂ. അല്ലെങ്കിൽ 'സ്ത്രീകളുടെ സുരക്ഷ സമൂഹത്തിന്റെ ഗൗരവതരമായ ചിന്താവിഷയമായിരിക്കു'മെന്ന പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പടെയുള്ളവരുടെ വൈകാരികപ്രകടനങ്ങൾ പതിവ് നാടകങ്ങളായി ഒടുങ്ങും. സ്ത്രീകളുടെ നിലവിളികൾ അന്തമില്ലാതെ തുടരും. കൊൽക്കത്തെയ്ക്കുശേഷം താനെയിൽനിന്ന് രണ്ട് നേഴ്സറി കുഞ്ഞുങ്ങൾ ക്രൂരമായി ഇരകളാക്കപ്പെട്ടതിന്റെ വാർത്ത കേൾക്കേണ്ടിവന്നു. ഇവിടെ കേരളത്തിൽ ഹേമ കമ്മിറ്റി റിപ്പോർട്ട് പൂഴ്ത്തിവച്ച് 'സ്ത്രീസുരക്ഷ ഉറപ്പാക്കിയ' ഇടതു സർക്കാരിന്റെ കഥയും ഇപ്പോൾ നാം കേട്ടുകൊണ്ടിരിക്കുകയാണ്.

നാടിന്റെ സാംസ്കാരികമണ്ഡലത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഭയാനകമായ തകർച്ചയാണ് സ്ത്രീകളെ പിച്ചിച്ചീന്തുന്ന ദുരവസ്ഥയുടെ മുഖ്യകാരണം. കുറ്റകൃത്യങ്ങളുടെ മനോഘടനയും അക്രമവാസനയും ശിഥിലമായ വ്യക്തിത്വവുമുള്ള മനോരോഗികളെയും ഉന്മാദികളെയും സൃഷ്ടിക്കുന്നത് നിലവിലുള്ള സാമൂഹ്യ-രാഷ്ട്രീയ സാഹചര്യമാണ്. അതിനാൽ ഈ സെക്സ് മാനിയാക്കുകളെ സൃഷ്ടിച്ചതിന്റെ ഉത്തരവാദിത്തത്തിൽനിന്നും നാടിന്റെ അധികാരം കൈയാളിയിട്ടുള്ള ഒരു ശക്തിക്കും ഒഴിഞ്ഞുമാറാനാവില്ല. ലൈംഗിക മനോവൈകൃതങ്ങൾക്ക് അടിപ്പെട്ട കുറെയധികം വ്യക്തികൾ സൃഷ്ടിക്കപ്പെട്ടു; അവരുടെ എണ്ണം വർദ്ധിക്കുന്നു; ഇതു മാത്രമല്ല, ഒരു ബലാൽസംഗകൃത്യത്തിനോ അക്രമത്തിനോ സദാ തയ്യാറാക്കപ്പെട്ട മനോനിലയുള്ള വ്യക്തികളുടെ എണ്ണം സമൂഹത്തിൽ ഏറുന്നുവെന്നതാണ് ഏറെ ആശങ്കാജനകമായിട്ടുള്ളത്.

സ്ത്രീകളോടുള്ള സമൂഹത്തിന്റെ മനോഭാവത്തിന്റെയും സമീപനത്തിന്റെയും നിർമ്മിതിയിൽത്തന്നെ അതീവഗുരുതരമായ വൈകല്യങ്ങളാണ് കടന്നുകൂടിയിട്ടുള്ളത്. സ്ത്രീയെയും സ്ത്രീരൂപത്തെയും ലൈംഗികഛായയിൽ മാത്രം കാണുന്ന വൈകല്യമാണ് ഈ മനോഭാവത്തിന്റെ അടിസ്ഥാനം. തികഞ്ഞ കുറ്റവാസനയുള്ളവരിൽ മാത്രമല്ല, സാധാരണജീവിതം നയിക്കുന്ന വ്യക്തികളിൽ വരെയും സ്ത്രീവിരുദ്ധമായ ഈ മനോഭാവത്തിന്റെ സ്വാധീനം വർദ്ധിക്കുന്നു. അങ്ങിനെ സ്ത്രീയെ ലൈംഗികഛായയിൽ മാത്രം കാണുന്ന മനോഭാവം ഒരളവുവരെ പൊതുബോധത്തിന്റെ ഭാഗമായി വിളക്കിച്ചേർക്കപ്പെടുകയാണ്. പുരുഷന്റെ ലൈംഗികതൃഷ്ണയെ തൃപ്തിപ്പെടുത്താനുള്ള ഒരുപാധി മാത്രമാണ് സ്ത്രീയെന്ന വൈകൃതം നിറഞ്ഞ ധാരണ ഈ മനോഭാവത്തിന്റെ സൃഷ്ടിയാണ്. ലൈംഗികതയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരേയൊരു ബന്ധത്തിലേക്ക് ആൺ-പെൺ ബന്ധത്തെ ചുരുക്കിയിരിക്കുന്നു. അതിനപ്പുറമുള്ള ഒരു വിധബന്ധ സങ്കൽപ്പവും അവതരിപ്പിക്കപ്പെടുന്നില്ല. ഇതിന്റെയെല്ലാം ഫലമായി സ്ത്രീകൾക്കുനേരെ ലൈംഗികമായ അക്രമത്തിനും കൈയ്യേറ്റത്തിനും ഏതുനിമിഷവും മുതിർന്നേക്കാവുന്ന ഒരു മനോഘടന പുരുഷന്മാരിൽ ഒരു വിഭാഗത്തിൽ സൃഷ്ടിക്കപ്പെടുന്നു.

സുരക്ഷിതമെന്ന് കരുതപ്പെടുന്ന ഇടങ്ങളിൽ വരെയും അപ്രതീക്ഷിത വ്യക്തികളിൽ നിന്നുപോലും സ്ത്രീകൾക്ക് അക്രമങ്ങൾ നേരിടേണ്ടിവരുന്നത് അതിനാലാണ്. ബലാൽസംഗത്തിനും സ്ത്രീപീഡനത്തിനുമെതിരെ എത്രതന്നെ നിയമങ്ങൾ ആവിഷ്കരിച്ചാലും സമൂഹത്തിന്റെ പൊതുബോധത്തിൽ ആപൽക്കരമാംവിധം വേരൂന്നിയ സ്ത്രീവിരുദ്ധമായ ഈ മനോഭാവം അവശേഷിക്കുവോളം സ്ത്രീകൾ വേട്ടയാടപ്പെട്ടുകൊണ്ടേയിരിക്കും. ലൈംഗികവൈകൃതത്തിന്റെ മനോഘടന ഉള്ള വ്യക്തികളേക്കാൾ ഗുരുതരമായ പ്രശ്നം അവരെ വാർത്തെടുക്കുന്ന സാമൂഹ്യവ്യവസ്ഥ ഇവിടെ നിലനിൽക്കുന്നുവെന്നതാണ്. ജയിലഴികൾക്കുള്ളിലടയ്ക്കപ്പെട്ടവരേക്കാൾ എന്നല്ല— തുറുങ്കിലടയ്ക്കപ്പെട്ടുന്നവരേക്കാൾ എത്രയോ അധികം സെക്സ് മാനിയാക്കുകളെയാണ് അനുനിമിഷം ഈ സാമൂഹ്യസാഹചര്യം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

ആഗോളവൽക്കരണകാലത്തെ പ്രമുഖ മൂലധന നിക്ഷേപമേഖലകളിലൊന്നായി 'ലൈംഗിക വ്യവസായം' മാറുകയുണ്ടായി. സ്ത്രീശരീരത്തെയും ലൈംഗികതയെയും വിൽപ്പനവസ്തുവാക്കിക്കൊണ്ട് മുതലാളിത്ത ശക്തികൾ വികസിപ്പിച്ചെടുത്ത ഈ വിപണി സാംസ്കാരിത്തകർച്ചയുടെ ആഴം ഭയാനകമായ നിലയിൽ വർദ്ധിപ്പിച്ചു. ടൂറിസം, ആതിഥ്യവ്യവസായം, ലഹരി വ്യാപാരം തുടങ്ങിയ പണം മറിയുന്ന മേഖലകൾ ലൈംഗിക വ്യവസായവുമായി കെട്ടുപിണഞ്ഞുകിടക്കുന്നതിനാൽ എത്രതന്നെ സാമൂഹ്യവിരുദ്ധമാണെങ്കിലും മൂലധന നിക്ഷേപത്തിന്റെ സാധ്യതയുണ്ടെന്നതിനാൽ അതിനെ സർവ്വമാർഗ്ഗേണയും പ്രോൽസാഹിപ്പിക്കുക എന്ന നയമാണ് മുതലാളിത്ത സർക്കാരുകളുടേത്. അതിന്റെ ഗുരുതരഫലങ്ങളാണ് നാമിന്നു കാണുന്നത്.

സ്ത്രീയുടെ യോഗ്യത അളക്കാനുള്ള ഒരേയൊരു മാനദണ്ഡം ശരീരസൗന്ദര്യമാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്ന എല്ലാ ശക്തികളും ഈ സാഹചര്യം സൃഷ്ടിച്ചതിന്റെ ഉത്തരവാദികളാണ്. വലിയൊരളവിൽ സ്ത്രീകളെയും ആ ബോധ്യത്തിൽ അകപ്പെടുത്താൻ മുതലാളിത്ത ശക്തികളും പുരുഷമേധവിത്വ സമൂഹവും അധികാരകേന്ദ്രങ്ങളും വിജയിച്ചിരിക്കുന്നു. ശരീരമല്ലാതെ മറ്റൊരസ്തിത്വവും സ്ത്രീക്കില്ല എന്നു സ്ഥാപിക്കപ്പെട്ടതിന്റെ ആഘാതമാണ് നാം ഇന്നു കാണുന്നത്. മാധ്യമങ്ങളും സോഷ്യൽ മീഡിയയും സിനിമയും പരസ്യങ്ങളും സൗന്ദര്യമൽസരങ്ങളും ഫാഷൻ ഷോകളും നഗരോൽസവങ്ങളുമെല്ലാം ഈ ധാരണയെ ഉറപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്തുവയാണ്.

## കുറ്റവാളികളെ സംരക്ഷിക്കുന്ന അധികാരഘടനയുടെ ചെയ്തികൾ സ്ത്രീസുരക്ഷയ്ക്ക് കനത്ത ഭീഷണി

നിയമങ്ങൾ നിരവധി ഉണ്ടെങ്കിലും സ്ത്രീസംരക്ഷണത്തിനായി അവയൊന്നും ഫലപ്രദമായ നിലയിൽ പ്രവർത്തിപ്പിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾ മുതൽ പോലീസ്, അന്വേഷണ ഏജൻസികൾ, നീതിന്യായ വ്യവസ്ഥ എന്നിവയെല്ലാം ചേരുന്ന അധികാരസംവിധാനങ്ങൾ ഒന്നുകിൽ ബോധപൂർവ്വം തയ്യാറാകുന്നില്ല അല്ലെങ്കിൽ അവയുടെ നിരുത്തരവാദസമീപനത്താൽ അവയെല്ലാം പരാജയപ്പെടുന്നു. കൊൽക്കത്ത ആർ.ജി.കർ മെഡിക്കൽ കോളേജിലെ ഹൃദയം നടുക്കുന്ന ബലാൽസംഗത്തിന്റെയും കൊലപാതകത്തിന്റെയും പിറകിലെ സൂത്രധാരന്മാരെയും പ്രതികളെയും രക്ഷിക്കാൻ സർക്കാർ സംവിധാനങ്ങൾ എത്ര ആസൂത്രിതമായിട്ടാണ് പ്രവർത്തിച്ചതെന്ന് ഇതിനോടകം പുറത്തുവന്നിട്ടുള്ള വിവരങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഈ ലേഖനത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ച കുപ്രസിദ്ധമായ മായാത്യാഗിസംഭവത്തിൽ പോലീസ് സ്റ്റേഷനിൽ നടന്ന കൂട്ടബലാൽസംഗത്തിന്റെ തെളിവുകൾ മുഴുവൻ തള്ളിക്കളഞ്ഞുകൊണ്ട് അത്തരമൊരു കൃത്യം നടന്നില്ല എന്ന് അന്വേഷണ കമ്മീഷൻ റിപ്പോർട്ട് നൽകിയത് രാജ്യത്തിന് ഒരിക്കലും വിസ്മരിക്കാനാവാത്ത ഏറ്റവും കറുത്ത അധ്യായമാണ്. തന്നെ ലൈംഗികമായി പീഡിപ്പിച്ച ബിജെപി എംഎൽഎക്കെതിരെ നിരവധി തവണ നൽകിയ പരാതിയിൽ ഒരു നടപടിയും സ്വീകരിക്കാതിരുന്ന യുപി പോലീസിന്റെ നടപടിയിൽ മനംനൊന്താണ് ഉന്നാവയിലെ പെൺകുട്ടി എംഎൽഎയുടെ ഭവനത്തിന്റെ മുമ്പിൽ സ്വയം തീകൊളുത്തിയത്. അതിനുശേഷം മാത്രമാണ് പോലീസ് കേസ് രജിസ്റ്റർ ചെയ്യാൻ പോലും തയ്യാറായത്.

നിരാശ്രയായ ഒരു പെൺകുട്ടി, നമ്മുടെ രാജ്യത്തെ ഒരു പോലീസ് സ്റ്റേഷനിൽ പരാതി നൽകണമെങ്കിൽ എത്രയോ കടമ്പകൾ പിന്നിടണം. ഒരു കേസ് രജിസ്റ്റർ ചെയ്യാൻ പിന്നെയും വിഘ്നങ്ങൾ മാത്രം. തുടർന്നുള്ള അനേഷണമാകട്ടെ, സ്ത്രീയെ സംബന്ധിച്ച് മറ്റൊരു പീഡനപർവ്വം തന്നെ. സാക്ഷികളെ വിലക്കെടുത്തും തെളിവുകൾ നശിപ്പിച്ചും രാഷ്ട്രീയ-ധന സ്വാധീനമുള്ള പ്രതികൾ കേസിനെ ദുർബ്ബലപ്പെടുത്തുന്നു. കേസ് പിൻവലിപ്പിക്കാൻ ഇരയെയും ബന്ധുക്കളെയും നിരന്തരമായി ഭീഷണിപ്പെടുത്തുന്നു. ബലാൽസംഗത്തേക്കാൾ ഭയാനകമായ മനോവ്യഥകളും മാനക്കേടും നേരിട്ട്, കേസ് അതിന്റെ അന്തിമഘട്ടത്തിലെത്തിച്ചാൽത്തന്നെയും കോടതി എന്തുവിധിക്കുമെന്ന് ആർക്കും പ്രവചിക്കാനാവില്ല. പുഷാധിപത്യ സമീപനവും സ്ത്രീകളെ സംബന്ധിച്ച ശക്തമായ മുൻവിധികളും വരെ കോടതി വിധികളെ സ്വാധീനിച്ച എത്രയോ അനുഭവങ്ങൾ രാജ്യത്തുണ്ടായിരിക്കുന്നു. ഒടുവിൽ വാദിയായ ഇരയെ അഴിഞ്ഞാട്ടക്കാരിയെന്നും വ്യഭിചാരിണിയെന്നും മുദ്രകുത്താൻ പോലും മടിക്കാത്ത കോടതി നിരീക്ഷണങ്ങളും ഉണ്ടായിട്ടുണ്ട്. അങ്ങിനെ നിയമവാഴ്ചയെ തരിമ്പും പേടിക്കേണ്ടതില്ലാത്ത സാഹചര്യം, ലാഘവത്തോടെ സ്ത്രീകൾക്കുമേൽ കൈവയ്ക്കാൻ ഏതൊരുവനെയും പ്രേരിപ്പിക്കുന്ന ദുരവസ്ഥയും സൃഷ്ടിച്ചു.

## സ്ത്രീകൾ നേരിടുന്നത് ഇരട്ട അടിച്ചമർത്തൽ

സ്ത്രീകൾക്കെതിരെ അക്രമം അഴിച്ചുവിടുന്ന ചില വ്യക്തികളുടെ അപചയം മാത്രമാണ് രാജ്യത്തെ സ്ത്രീകൾ നേരിടുന്ന പ്രശ്നത്തിന്റെ മൂലകാരണമെന്ന് നിർദ്ദോഷികളായ ചിലരെങ്കിലും ചിന്തിക്കുന്നു. ഇത് ഗുരുതരമായ ഈ പ്രശ്നത്തെ സംബന്ധിച്ച ലളിതവൽക്കരിക്കപ്പെട്ട വാദഗതി മാത്രമാണ്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിലെ പ്രതികളെ മുഴുവൻ മാതൃകാപരമായി ശിക്ഷിച്ചുകൊണ്ട് തുറുങ്കിലടയ്ക്കുന്നതു കൊണ്ടു മാത്രം അവസാനിക്കുന്ന ഒരു പ്രശ്നമല്ല, സ്ത്രീസുരക്ഷയുടേത്. സ്ത്രീകൾ നേരിടുന്നത് രണ്ട് തരം അടിച്ചമർത്തലിനെയാണ്. ഒന്ന് സമൂഹമൊട്ടാകെ നേരിടുന്ന മുതലാളിത്ത ചൂഷണം സ്ത്രീകളെ കൂടുതൽ കഠിനമായി ഞെരിച്ചമർത്തുന്നു. പിന്നോക്കാവസ്ഥയെ മറികടക്കുക സ്ത്രീകളെ സംബന്ധിച്ചിടത്തോളം പർവ്വതസമാനമായ ദൗത്യമായി മാറുന്നു. ഒപ്പം ഇൻഡ്യൻ സമൂഹത്തിൽ ആഴത്തിൽ വേരൂന്നിയിട്ടുള്ള കുടുംബത്തിലുൾപ്പടെയുള്ള അധികാരബന്ധങ്ങളുടെ അസമത്വവും അതിനെ ആധാരമാക്കിയിട്ടുള്ള ശക്തമായ ആൺകോയ്മയുടെ അധീശത്വവും സ്ത്രീകൾ നേരിടുന്നു. സ്ത്രീകൾക്ക് രണ്ടാം തരം പൗരന്റെയോ വിധേയപ്പെട്ടു നിൽക്കേണ്ടുന്ന ഒരാളുടെയോ സ്ഥാനം നിർണ്ണയിച്ചതിൽ ഒരു കാരണം പുരുഷനോടുള്ള അവളുടെ സാമ്പത്തിക ആശ്രിതത്വമാണ്. ആയതിനാൽ തൊഴിലെടുക്കാനും വരുമാനം നേടാനുമുള്ള സ്വതന്ത്രമായ അസ്തിത്വം സ്ത്രീകളൊന്നാകെ കൈവരിക്കുമ്പോൾ മാത്രമാണ് സ്ത്രീ-പുരുഷ അസമത്വം അവസാനിപ്പിക്കാനുള്ള ഭൗതികസാഹചര്യം ഒരുങ്ങുകയുള്ളൂ. ഒപ്പം സമൂഹനിർമ്മിതിയിൽ പുരുഷനോടൊപ്പം മനുഷ്യനെന്ന നിലയിലുള്ള തന്റെ പ്രതിഭയെ, സൃഷ്ടിപരതയെ വിനിയോഗിക്കാൻ അവസരമൊരുങ്ങുകയും വേണം. എങ്കിൽ മാത്രമേ സ്ത്രീകളുടെ സാമൂഹ്യപദവി ഉയരുകയുള്ളൂ.

## സ്വതന്ത്ര വ്യക്തിത്വങ്ങളെന്ന സ്ത്രീകളുടെ പദവി അലംഘനീയമായി സ്ഥാപിക്കപ്പെടണം

നമ്മുടെ രാജ്യത്ത് ചരിത്രപരമായ കാരണങ്ങളാൽ ജനാധിപത്യ വിപ്ലവ പ്രകിയ പൂർത്തിയാക്കപ്പെടാതെ പോയി എന്നതിനാൽ ജീർണ്ണമായ ഫ്യൂഡൽ ധാരണകളുടെ സ്ഥാനത്ത് സ്ത്രീ-പുരുഷ ബന്ധത്തിലെ ഉൽകൃഷ്ടമായ ജനാധിപത്യധാരണകൾ സമൂഹത്തിൽ സ്ഥാപിക്കപ്പെടുകയുണ്ടായില്ല. തൽഫലമായി ലിംഗപരമായ അസമത്വവും സ്ത്രീകളെ മനുഷ്യരായിപ്പോലും കാണാൻ തയ്യാറാകാത്ത സമീപനവും സ്ത്രീവിരുദ്ധ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഭയാനകമായി ഇൻഡ്യൻ സമൂഹത്തിൽ അവശേഷിച്ചു. തുടർന്ന് അധികാരത്തിലവരോധിതമായ മുതലാളിത്ത കച്ചവട ശക്തികളാകട്ടെ, തങ്ങളുടെ ലാഭതാൽപര്യങ്ങൾക്കായി സ്ത്രീകളെയും സ്ത്രീശരീരത്തെയും വിപണിവൽക്കരിക്കുകകൂടി ചെയ്തതോടെ സ്ത്രീകൾ നേരിടുന്ന ചൂഷണവും പീഡനങ്ങളും ദുരിതങ്ങളും പതിന്മടങ്ങായി. ആധുനിക ജനാധിപത്യസമൂഹങ്ങളിൽ നാം കാണുന്ന സ്ത്രീകളുടെ പദവി നമ്മുടെ രാജ്യത്ത് സ്വപ്നമായി അവശേഷിച്ചു.

സ്ത്രീസുരക്ഷയ്ക്കു വേണ്ടിയുള്ള ഈ ജനാധിപത്യപ്രക്ഷോഭങ്ങളെ സമൂഹത്തെ ആകമാനം സ്പർശിക്കുന്ന ശക്തമായ ഒരു സാംസ്കാരികമുന്നേറ്റമായി പരിവർത്തനപ്പെടുത്താൻ കഴിയാതെ പോയതിനാലാണ് വേട്ടയാടപ്പെടുന്ന സ്ത്രീകളുടെ കഥകൾ നാം വീണ്ടും കേൾക്കേണ്ടിവരുന്നത്. നിലനിൽക്കുന്ന മുതലാളിത്ത അധികാരഘടനയ്ക്കെതിരായ രാഷ്ട്രീയ പോരാട്ടത്തിനനുരോധമായി സ്ത്രീസുരക്ഷയ്ക്കും അവകാശങ്ങൾക്കും വേണ്ടിയുള്ള ജനാധിപത്യ പ്രക്ഷോഭങ്ങൾ കണ്ണിചേർക്കപ്പെടണം. ബൗദ്ധിക-കർമ്മമണ്ഡലങ്ങളിൽ പുരുഷനെപ്പോലെ തന്നെ രചനാത്മകമായി മുഴുകാൻ ശേഷിയുള്ള മനുഷ്യരെന്ന നിലയിലുള്ള, ജനാധിപത്യ മുന്നേറ്റം നൽകിയ സ്ത്രീകളുടെ പദവി ചോദ്യം ചെയ്യപ്പെടാനാവാത്തവിധം സമൂഹത്തിൽ ഉറപ്പിക്കപ്പെടണം. പ്രതിഭയും പ്രബുദ്ധതയുമുള്ള സഹജീവികളായി സ്ത്രീകളെ കാണാനും ആദരിക്കാനും അവരുടെ അന്തസ്സും അഭിമാനവും സ്വതന്ത്രമായ നിലനിൽപ്പും അംഗീകരിക്കാനും അതിലൂടെ സ്ത്രീ-പുരുഷ സമത്വത്തിലധിഷ്ഠിതമായ ബന്ധത്തിന്റെ ഉയർന്ന സാംസ്കാരികത സൃഷ്ടിക്കാനുമുള്ള പരിശ്രമങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കപ്പെടണം. മറ്റൊരാളുടെ ജീവിതത്തിനും ശരീരത്തിനുംമേൽ തനിക്ക് അധികാരമില്ല എന്ന അടിസ്ഥാന ജനാധിപത്യ ബോധം ജനങ്ങൾക്ക് പൊതുവിലും യുവതലമുറയ്ക്ക് വിശേഷിച്ചും പകർന്നു നൽകണം. സ്ത്രീസുരക്ഷയ്ക്കുവേണ്ടിയുള്ള ജനാധിപത്യപോരാട്ടങ്ങളുടെ അതിപ്രധാനമായ കടമകളായി ഇവ മാറണം. ■

# കുത്തകാനുകൂല നയങ്ങൾക്ക് മറയിടുന്ന കേന്ദ്രബജറ്റ്

**സാധാരണ ജനങ്ങൾ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളെല്ലാം കേന്ദ്ര ബജറ്റിൽ ഒഴിവാക്കപ്പെട്ടിരിക്കുന്നു. വൻകിട കോർപ്പറേറ്റുകളെ വളർത്തി തകരുന്ന സമ്പദ്‌വ്യവസ്ഥയെ രക്ഷിക്കാനായി നടത്തുന്ന വ്യർത്ഥ പരിശ്രമങ്ങളുടെ ഭാഗമായുള്ള ബിജെപി സർക്കാരിന്റെ അടിസ്ഥാന സാമ്പത്തിക സമീപനവും മാറ്റമില്ലാതെ ഈ ബജറ്റിലും തുടരുന്നു. വൻകിട കോർപ്പറേറ്റുകൾക്ക് വിവിധ മാർഗങ്ങളിലൂടെ സബ്സിഡികളും നികുതി ഇളവുകളും നൽകുമ്പോൾ, ജനജീവിതത്തെ നേരിട്ടുബാധിക്കുന്ന ചെലവുകൾ വൻതോതിൽ വെട്ടിക്കുറച്ചു. നിലവിലുള്ള പദ്ധതികളിൽ പലതും ഈ ബജറ്റിലും ധനമന്ത്രി ആവർത്തിച്ചു.**

മുമ്പ് നടത്തിയ ചില പ്രഖ്യാപനങ്ങൾ ആവർത്തിക്കുന്നുണ്ടെങ്കിലും "എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ച" ലക്ഷ്യമിട്ടുകൊണ്ട് ഇതുവരെ എന്തുനടപടികൾ കൈക്കൊണ്ടു എന്നുപറയുന്നില്ല. ബജറ്റ് പ്രസംഗത്തിൽ, പ്രധാനപ്പെട്ട കണക്കുകളെക്കുറിച്ചോ കൃത്യമായ പ്രവർത്തന പദ്ധതികളെക്കുറിച്ചോ ഒരു പരാമർശവും കാണുന്നില്ല. ഒരു വലിയ സംഖ്യ ചെലവിനത്തിൽ വാഗ്ദാനം ചെയ്യുക, അടുത്ത വർഷം അവതരിപ്പിക്കുന്ന പരിഷ്ക്കരിച്ച കണക്കുകളിൽ അത് നിശബ്ദമായി ഒഴിവാക്കുക, തുടർന്ന് കുറച്ച് വർഷങ്ങൾക്കുശേഷം യഥാർത്ഥ കണക്കുകൾ വരുമ്പോൾ അവയെ കൂടുതൽ താഴ്ത്തുക – ഇതാണ് അനുവർത്തിക്കുന്ന തന്ത്രം.

## കുതിച്ചുയരുന്ന വിലകൾ

രൂക്ഷമായ തൊഴിലില്ലായ്മയും വരുമാനത്തിലെ ഇടിവുമാണ് തിരഞ്ഞെടുപ്പിൽ ബിജെപിക്കുണ്ടായ തിരിച്ചടിയുടെ പ്രധാനകാരണങ്ങൾ. അടിസ്ഥാന ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെയുള്ള അവശ്യസാധനങ്ങളുടെവില ആകാശംമുട്ടെകുതിച്ചുയരുകയാണ്. കഴിഞ്ഞ ജൂണിൽ ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം 9.5 ശതമാനം കടന്നിരുന്നു. ജനം പ്രതീക്ഷിക്കുന്നത് കേവലം പൊള്ളയായ വാചകമടിയല്ല. വിലക്കയറ്റത്തെ പ്രതിരോധിക്കുന്നതിനായി, വിതരണശൃംഖല ശക്തിപ്പെടുത്തുകയും പൂഴ്ത്തിവയ്പ്പ്, കരിഞ്ചന്ത, വിവിധ കൃത്രിമങ്ങൾ, കൃത്രിമക്ഷാമം സൃഷ്ടിക്കൽ എന്നിവ തടയാൻ നടപടികൾ സ്വീകരിക്കുകയുമാണ് സർക്കാർ ചെയ്യേണ്ടത്. എന്നാൽ ഇക്കാര്യത്തിൽ സർക്കാർ നിസംഗത പാലിക്കുന്നു. ഗാർഹിക ഉപഭോഗ സർവേയുടെ വിശകലനം കാണിക്കുന്നത്, 80 ശതമാനത്തിലധികം ആളുകളും പ്രതിദിനം 200 രൂപയിൽ താഴെമാത്രമാണ് ചെലവഴിക്കുന്നതെന്നാണ്. ഏകദേശം 34 ശതമാനം ആളുകൾ പ്രതിദിനം 100 രൂപയിൽതാഴെയാണ് ചെലവഴിക്കുന്നത്. ഗാർഹിക സമ്പാദ്യം 47 വർഷത്തെ ഏറ്റവും കുറഞ്ഞ നിലയിലേക്ക് താഴ്ന്നു. അമേരിക്കൻ മെഡിക്കൽ അസോസിയേഷന്റെ ജേണൽ പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ, സർവേയിൽ പങ്കെടുത്ത 92 രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ സീറോ ഫുഡ് കുട്ടികൾ ഉള്ളത് ഇന്ത്യയിലാണെന്ന് കണ്ടെത്തി (6.7 ദശലക്ഷം അല്ലെങ്കിൽ ഏകദേശം 7 കോടി). ഇന്ത്യയിലെ ജനത വരുമാന പ്രതിസന്ധി നേരിടുന്നു എന്നതാണ് യാഥാർത്ഥ്യം.

## തൊഴിലില്ലായ്മ

സർക്കാരിന്റെ ചീഫ് ഇക്കണോമിക് അഡ്വൈസർ, ബജറ്റ് അവതരണത്തിന് ഒരു ദിവസംമുമ്പ് പ്രസിദ്ധീകരിച്ച സാമ്പത്തിക സർവേ പറയുന്നു: "മൊത്തം തൊഴിലെടുക്കുന്ന ആളുകളുടെ എണ്ണം 2018 സാമ്പത്തിക വർഷത്തിൽ 34.7 ശതമാനമായിരുന്നത് 2024 സാമ്പത്തിക വർഷത്തിൽ 44.2 ശതമാനമായി വർദ്ധിച്ചു. ഈ കാലയളവിൽ തൊഴിലാളികളുടെ എണ്ണം 168 ദശലക്ഷം വർദ്ധിച്ച് 643.3 ദശലക്ഷമായി. കൂടാതെ, 2022-23 സാമ്പത്തിക വർഷത്തിലെ 596.7 ദശലക്ഷത്തിൽനിന്ന് 46.6 ദശലക്ഷം കൂട്ടിച്ചേർത്തുകൊണ്ട് 2023-24 സാമ്പത്തിക വർഷത്തിൽ മൊത്തം തൊഴിലവസരങ്ങൾ 643.3 ദശലക്ഷമായി വർദ്ധിച്ചു." സർവേ ഒരേസമയം രണ്ടുതന്ത്രങ്ങളാണ് പയറ്റുന്നത്. ഒരു ദശാബ്ദക്കാലത്തെ തൊഴിലില്ലായ്മ വളർച്ചയെ സർവേ അവഗണിക്കുന്നു. നഗരങ്ങളിലും ഗ്രാമങ്ങളിലും ഒരുപോലെ തൊഴിൽ വീണ്ടെടുക്കൽ ഉണ്ടെന്നാണ് നിഗമനം.

"2020-21 കാലയളവിൽ കോവിഡ്-19 മഹാമാരി ഉണ്ടായിട്ടും, 2018-22 കാലയളവിൽ, പ്രതിവർഷം ശരാശരി 20 ദശലക്ഷത്തിലധികം തൊഴിലവസരങ്ങൾ എന്നനിലയിൽ, ഇന്ത്യ 80ദശലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിച്ചു" എന്ന് ബിജെപിസർക്കാർകഴിഞ്ഞജൂണിൽ ഒരു പ്രസ്താവനയിൽ അവകാശപ്പെടുകയുണ്ടായി. (ബിസിനസ് സ്റ്റാൻഡേർഡ് 08-06-24). പ്രശ്നമുണ്ടെന്ന് അംഗീകരിക്കാതിരുന്നാൽ അത് പരിഹരിക്കേണ്ടതില്ലല്ലോ.

ഒരു ബജറ്റ് പദ്ധതി പ്രകാരം എല്ലാ ഔപചാരിക മേഖലകളിലും പുതുതായി ജോലിയിൽ പ്രവേശിക്കുന്ന എല്ലാ വ്യക്തികൾക്കും ഒരു മാസത്തെ വേതനം സർക്കാർ നൽകും. എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആദ്യജോലിക്കാർക്ക് മൂന്നുഗഡുക്കളായി ഒരു മാസത്തെ ശമ്പളത്തിന്റെ നേരിട്ടുള്ള ആനുകൂല്യക്കൈമാറ്റം 15,000 രൂപവരെ ആയിരിക്കും. എന്നാൽ, പ്രാഥമിക ഡാറ്റ കാണിക്കുന്നത് 2023 നവംബറിൽ മുൻമാസത്തെ അപേക്ഷിച്ച് ഇപിഎഫ്ഒയുടെ പുതിയ വരിക്കാരിൽ 5 ശതമാനം ഇടിവും എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷനിൽ 0.5 ശതമാനം ഇടിവും ഉണ്ടായിയെന്നാണ്.

രണ്ടാമതായി, സർക്കാർഫണ്ടിൽനിന്നുള്ള ഗ്യാരന്റിയോടെ 7.5 ലക്ഷം രൂപവരെയുള്ള വായ്പകൾ സുഗമമാക്കുന്നതിന് മോഡൽ സ്കിൽ ലോൺ സ്കീം പരിഷ്കരിക്കുമെന്ന് മന്ത്രി പ്രഖ്യാപിച്ചു. സർക്കാർ പദ്ധതികൾക്കും നയങ്ങൾക്കുംകീഴിൽ ഒരു ആനുകൂല്യത്തിനും അർഹതയില്ലാത്ത യുവാക്കളെ സഹായിക്കുന്നതിനായി, ആഭ്യന്തരസ്ഥാപനങ്ങളിൽ ഉന്നതവിദ്യാഭ്യാസത്തിനായി 10 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് മന്ത്രി സാമ്പത്തികസഹായം പ്രഖ്യാപിച്ചു. അതായത്, ഒരു നിശ്ചിത തൊഴിൽവിപണിയിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ കടക്കെണിയിൽ യുവാക്കൾ കുടുങ്ങുമെന്നർത്ഥം.

മൂന്നാമതായി, അടുത്ത അഞ്ചുവർഷത്തിനുള്ളിൽ 4.1 കോടി യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നൈപുണ്യവികസനത്തിനുമായി 2 ലക്ഷംകോടിരൂപ ചെലവഴിക്കുമെന്ന് സർക്കാർ അവകാശപ്പെടുന്നു. മതിയായ നൈപുണ്യമുള്ളവരുടെ ലഭ്യതയില്ലായ്മയുടെപേരിൽ തൊഴിലില്ലായ്മ പ്രശ്നത്തെ ന്യായീകരിക്കാൻ കഴിഞ്ഞ കുറേ വർഷങ്ങളായി സർക്കാരിനെ സഹായിക്കുന്ന ഒരു സൗകര്യപ്രദമായ പദമാണ് ഈ 'നൈപുണ്യ വികസനം'. നൈപുണ്യമാണ് പ്രശ്നമെങ്കിൽ, ഇന്ത്യയിലെ യുവ ബിരുദധാരികളിൽ 29 ശതമാനവും തൊഴിൽരഹിതരാണെന്ന് ഐഎൽഒ കണക്കാക്കുന്നത് എന്തുകൊണ്ടാണ്? 2024ലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐഐടി) ബിരുദധാരികളിൽ ഏകദേശം 38% പേർക്ക് ഇപ്പോഴും ജോലി ലഭിക്കാത്തത് എന്തുകൊണ്ടാണ്? വിവരാവകാശ അപേക്ഷകളിലൂടെ ലഭിച്ച വിവരങ്ങളാണിത്. 2021-ൽ 19%, 2022-ൽ 21% എന്നിങ്ങനെ സ്ഥിരമായ വർദ്ധനവോടെ ഈ കണക്ക് മൂന്നു വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന ശതമാനം രേഖപ്പെടുത്തുന്നു.

ഒടുവിലായി, ഒരു പ്രതിവിധി എന്ന നിലയിൽ, "5 വർഷത്തിനുള്ളിൽ 1 കോടി യുവാക്കൾക്ക് 500 മുൻനിരകമ്പനികളിൽ ഇന്റേൺഷിപ്പ് അവസരങ്ങൾ നൽകുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതി ആരംഭിക്കുമെന്ന് ബജറ്റ് പ്രഖ്യാപിച്ചു. അവർ യഥാർത്ഥ ബിസിനസ്സ് അന്തരീക്ഷം, വ്യത്യസ്ത തൊഴിലുകൾ, തൊഴിലവസരങ്ങൾ എന്നിവയുമായി 12 മാസത്തെ പരിചയംനേടും. പ്രതിമാസം 5,000 രൂപ ഇന്റേൺഷിപ്പ് അലവൻസിനൊപ്പം 6,000 രൂപ ഒറ്റത്തവണ സഹായവും നൽകും. കമ്പനികൾ ഇതിന്റെ പരിശീലനച്ചെലവും ഇന്റേൺഷിപ്പിന്റെ 10 ശതമാനവും അവരുടെ സിഎസ്ആർ ഫണ്ടിൽ (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) നിന്ന് വഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു.." ഓരോ കമ്പനിയും ശരാശരി 20,000 ഇന്റേണുകളെ എടുക്കും. ഗംഭീരം! എന്നാൽ ഡിമാൻഡ് കൂടാതിരിക്കുകയും ഉൽപ്പാദനശേഷി അതേപടി നിൽക്കുകയും ചെയ്യുമ്പോൾ, കൂടുതൽ തൊഴിലാളികളെ ചേർത്തുകൊണ്ട് ലാഭംകുറയ്ക്കുന്ന പണിക്ക് ഏതുകമ്പനിയാണ് തയ്യാറാകുന്നത്? രണ്ടാമതായി, ഒരു വർഷത്തിനുശേഷം ഈ ഇന്റേണുകൾക്ക് എന്തുസംഭവിക്കും? അവരെ സ്ഥിരപ്പെടുത്തുമൊ, അതോ പുറത്താക്കുമോ? അതിന് ഉത്തരമില്ല. വാസ്തവത്തിൽ, ഇത് തുച്ഛമായ വേതനത്തിലുള്ള നിശ്ചിത കാലയളവിലെ ജോലി മാത്രമാണ്. കമ്പനിക്കുവേണമെങ്കിൽ, ഈ പദ്ധതിയിലൂടെ ഒരു വർഷത്തേക്ക് കുറഞ്ഞനിരക്കിൽ തൊഴിലാളികളെ ലഭിക്കും. വാസ്തവത്തിൽ, കോർപ്പറേറ്റുകൾക്ക് ഇത് കൂടുതൽ പ്രോത്സാഹനമാണ്. കൂടാതെ, നിലവിൽ, ഏറ്റവും മുൻപന്തിയിലുള്ള 500 കമ്പനികളിൽ 73 ലക്ഷം ജീവനക്കാരാണ് ശമ്പളപ്പട്ടികയിലുള്ളത്. അതിൽ 137 കമ്പനികളിൽ മാത്രമാണ് പതിനായിരത്തിലധികം ജീവനക്കാരുള്ളത്. ഇപ്പോൾ 10,000 ൽതാഴെ ജീവനക്കാരുള്ള കമ്പനികൾക്ക് ഒരു വർഷത്തേക്കുപോലും 20,000 ഇന്റേണുകളെ ഉൾക്കൊള്ളാൻ എങ്ങനെ കഴിയും? എന്തൊരു അസംബന്ധം! നിലവിൽ പല ദേശസാൽകൃത ബാങ്കുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഒരു വർഷത്തേക്ക് പ്രതിമാസം 15,000 രൂപ ശമ്പളത്തിൽ അപ്രന്റീസുമാരെ റിക്രൂട്ട് ചെയ്യുന്നുണ്ട്. ഇന്ത്യയുടെ സൈന്യത്തിലെ 'അഗ്നിവീറുകളെ' പോലെ അവരുടെ ഭാവിയും അനിശ്ചിതത്വത്തിലാണ്. അതായത്, രോഗനിർണയം ശസ്ത്രക്രിയ വേണമെന്നു പറയുമ്പോൾ ധനമന്ത്രിയാകട്ടെ, വെറും വേദനാസംഹാരികളാണ് വച്ചുനീട്ടുന്നത്. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷനും (ഐഎൽഒ) ഹ്യൂമൻ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും പ്രസിദ്ധീകരിച്ച ഇന്ത്യ എംപ്ലോയ്മെന്റ് റിപ്പോർട്ട്-2024 അനുസരിച്ച്, 'കഴിഞ്ഞ 45 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മയാണ് ഇപ്പോഴുള്ളതെന്നും തൊഴിലില്ലാത്തവരിൽ 83 ശതമാനവും 34 വയസ്സിന് താഴെയുള്ളവരാണെന്നും' ഓർക്കുക. കുറഞ്ഞ യോഗ്യതയും വൈദഗ്ധ്യവും ആവശ്യമുള്ള തൊഴിലുകൾ ചെയ്യേണ്ടിവരുന്നവരും സ്വയംതൊഴിൽ ചെയ്യുന്നവരും ധാരാളം. എന്നാൽ സർക്കാർ ഇതൊന്നും കാണുന്നില്ല. സർക്കാർ വകുപ്പുകളിൽ നിലവിൽ 9.64 ലക്ഷത്തിലധികം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. എന്തുകൊണ്ടാണ് സർക്കാർ വകുപ്പുകളിലും ബാങ്കുകളിലും സ്ഥിരജോലികളിൽ കരാർ ജീവനക്കാരെ തുച്ഛമായ വേതനത്തിൽ പണിയെടുപ്പിക്കുന്നത്? 93% തൊഴിലാളികളും, തൊഴിൽ സുരക്ഷിതത്വമോ, മിനിമം വേതനമോ, സാമൂഹിക സുരക്ഷിതത്വമോ ഇല്ലാത്ത അസംഘടിത മേഖലയിൽ കഴിയുന്നത് എന്തുകൊണ്ടാണ്? ഈ പ്രശ്നങ്ങളൊന്നും ധനമന്ത്രി പരിഗണിച്ചിട്ടില്ല. മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ബജറ്റ് വിഹിതം 86,000 കോടി രൂപയിൽ തന്നെ പിടിച്ചുനിർത്തുന്നത് എന്തുകൊണ്ടാണെന്നും വിശദീകരിക്കുന്നില്ല. കഴിഞ്ഞ വർഷം ചെലവഴിച്ചതിന് തുല്യമാണിതെങ്കിലും, അത് യഥാർത്ഥത്തിൽ 5 ശതമാനം കുറവാണ്. ഈ സാമ്പത്തിക വർഷത്തിൽ 5.8 കോടി ആളുകൾ ഇതിനകം ജോലി ആവശ്യപ്പെടുകയും 25 ലക്ഷം പുതിയ ആളുകളെ പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അർഹതയുള്ള ജോബ് കാർഡിൽ ഉൾപ്പെടുത്തുകയും ചെയ്തപ്പോഴാണിത്. പല അപേക്ഷകരെയും മനഃപൂർവം പദ്ധതിക്ക് പുറത്തുനിർത്തുന്നതായും, അതിനാൽ ആവശ്യകത കുറയുന്നതായി കാണിക്കുകയും അതുവഴി കുറഞ്ഞ ഫണ്ടുവിഹിതത്തെ ന്യായീകരിക്കുകയും ചെയ്യുന്നതായും റിപ്പോർട്ടുണ്ട്. ഏറ്റവും ചുരുങ്ങിയ നിലയിലെങ്കിലും ജീവിക്കാനുള്ള നിയമാനുസൃതമായ അവകാശംപോലും നിഷേധിക്കപ്പെടുകയാണിവിടെ.

## വിദ്യാഭ്യാസവും ആരോഗ്യസംരക്ഷണവും

വിദ്യാഭ്യാസവും ആരോഗ്യപരിപാലനവും ഏറ്റവും പ്രധാനപ്പെട്ട രണ്ട് സാമൂഹ്യക്ഷേമ മേഖലകളാണ്. ഈ രണ്ടുമേഖലകൾക്കുംകീഴിലുള്ള സേവനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഉത്തരവാദിത്തം, ജനാധിപത്യ സർക്കാരിൽ നിക്ഷിപ്തമാണ്. സാർവത്രിക വിദ്യാഭ്യാസം എന്നാൽ സർക്കാർ

(ശേഷം 4–ാം പേജിൽ)

# കുത്തകകൾക്ക് സബ്സിഡിയും നികുതി ഇളവും നൽകുമ്പോൾ ജനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ വൻതോതിൽ വെട്ടിക്കുറച്ചു

*(3–ാം പേജിൽ നിന്ന്)*

ധനസഹായത്തോടെയുള്ള വിദ്യാഭ്യാസം എന്നാണ് അർത്ഥം. എന്നാൽ, ആഗോളവൽക്കരണ–ഉദാരവൽക്കരണ നിർദേശങ്ങൾ പിന്തുടർന്ന്, ബിജെപി സർക്കാർ രണ്ടുമേഖലകളും കൊള്ളലാഭമടിക്കാനുള്ള മേഖലകളാക്കി സ്വകാര്യ ഓപ്പറേറ്റർമാർക്ക് കൈമാറുകയാണ്. സർക്കാരിന്റെ കീഴിലുള്ള മതേതര–ശാസ്ത്രീയ–ജനാധിപത്യ–സാർവത്രിക വിദ്യാഭ്യാസം നിർത്തലാക്കപ്പെട്ടിട്ട് വളരെക്കാലമായി. ദേശീയ വിദ്യാഭ്യാസ നയം–2020 ശവപ്പെട്ടിയിലെ അവസാന ആണിയാണ്. പൊതുവിദ്യാഭ്യാസത്തിന് ഫലത്തിൽ നേരിട്ടുള്ള പിന്തുണയില്ല. കഴിഞ്ഞ ഫെബ്രുവരിയിലെ ഇടക്കാല ബജറ്റിൽ യുജിസിക്കുണ്ടായിരുന്ന ബജറ്റ് വിഹിതം 6,409 കോടി രൂപയിൽ നിന്ന് 2,500 കോടി രൂപയായി കുറച്ചു. ഇത്തവണ 48.2 ലക്ഷം കോടിയിലധികം വരുന്ന മൊത്തബജറ്റിൽ 1.25 ലക്ഷം കോടി മാത്രമാണ് വിദ്യാഭ്യാസമേഖലയ്ക്ക് അനുവദിച്ചിരിക്കുന്നത്. ഇതിനർത്ഥം, ഇതുവരെ വിദ്യാഭ്യാസത്തിനായി കേന്ദ്രബജറ്റിന്റെ 10% ചെലവഴിക്കണമെന്ന് വാദിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് ബിജെപി സർക്കാർ ക്രമേണ 2.59% ആയി കുറച്ചിരിക്കുന്നു. ജിഡിപിയുടെ 6% ആവശ്യമുള്ള സ്ഥാനത്ത് ഇപ്പോൾ വിദ്യാഭ്യാസ ബജറ്റ് നിലവിലെ ജിഡിപിയുടെ 0.38% മാത്രമാണ്. ഈ വിഹിതം കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുപോലും തികയില്ല. ഉച്ചഭക്ഷണ പദ്ധതിക്ക് 2022–23 ൽ 12,800 കോടി രൂപ അനുവദിച്ച സ്ഥാനത്ത് 2023–24ൽ 11,600 കോടിരൂപയാണ് അനുവദിച്ചത്. ഈ വർഷം 213.5 കോടി രൂപ കുറച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പൊതുവിദ്യാഭ്യാസ സമ്പ്രദായം ക്രമേണ ഇല്ലാതാക്കി ഈ മേഖല വെള്ളിത്താലത്തിൽ സ്വകാര്യ മുതലാളിമാർക്ക് കൈമാറുകയാണ്.

നിർണായകമായ ആരോഗ്യമേഖലയുടെ കാര്യവും ഇങ്ങനെ തന്നെ. കോവിഡ് 19 പകർച്ചവ്യാധിയുടെ സമയത്ത് ആശുപത്രി കിടക്കകൾ, ഡോക്ടർമാർ, നഴ്സുമാർ, മെഡിക്കൽ അസിസ്റ്റന്റുമാർ, മരുന്നുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവയുടെ ദൗർലഭ്യം വളരെയേറെ പ്രകടമായിരുന്നു. ആരോഗ്യ മേഖലയ്ക്കായി, ധനമന്ത്രി ഈ വർഷം 87,565 കോടി രൂപ അനുവദിച്ചു, അത് 12.56% വർദ്ധനവാണെന്നും ജിഡിപിയുടെ 2.5% ആണെന്നും വീമ്പിളക്കി. എന്നാൽ യഥാർത്ഥത്തിൽ മൊത്തം ബജറ്റിന്റെ 1.81% മാത്രമാണ് വിഹിതമെന്നും പണപ്പെരുപ്പവുമായി തട്ടിച്ചുനോക്കുമ്പോൾ അത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറവാണെന്നും കാണാം. ഇടക്കാല ബജറ്റിലേതിനേക്കാൾ കുറവാണ് ആരോഗ്യ മേഖലയ്ക്കുള്ള വിഹിതം. കൂടാതെ, ആരോഗ്യമേഖലയ്ക്കുള്ള ബജറ്റ് തുകയായ 86,175 കോടിയിൽ ചെലവഴിച്ചത് 27,222 കോടി രൂപ യായതിനാൽ (അതായത് ഏകദേശം 26% കുറവ്) ഇത് യഥാർത്ഥത്തിൽ ജിഡിപിയുടെ 0.35% ആയിരുന്നു. ജിഡിപി 6.8 ശതമാനം വർധിച്ചതായി സർക്കാർ അവകാശപ്പെടുന്നു. അങ്ങനെയെങ്കിൽ എന്തുകൊണ്ടാണ് ഇത്രയും കുറഞ്ഞ തുക ആതുരസേവനത്തിന് നൽകിയത്? 47% ആളുകൾക്ക് ആരോഗ്യ സംരക്ഷണത്തിന് നിവൃത്തിയില്ലാത്ത ഒരു രാജ്യത്ത്, ഭൂരിഭാഗം പൗരന്മാർക്കും അടിസ്ഥാന മെഡിക്കൽ ആവശ്യങ്ങൾ നിഷേധിക്കപ്പെടുന്ന ഒരു രാജ്യത്ത്, ഇത്രയും തുച്ഛമായ തുക അനുവദിച്ചതിന് പിന്നിലെ ലക്ഷ്യം മുഴുവൻ മെഡിക്കൽ സംവിധാനത്തെയും ക്രമേണ സ്വകാര്യവൽക്കരിക്കുക എന്നതാണ്.

## കൃഷി

വളം, വിത്ത്, കീടനാശിനികൾ തുടങ്ങിയവയുടെ വിലവർദ്ധനവ്, ശരിയായ ജലസേചന സൗകര്യങ്ങളുടെ അഭാവം, ഡീസലിന്റെ ഉയർന്ന വില, കുതിച്ചുയരുന്ന വൈദ്യുതിനിരക്ക്, ഉൽപന്നങ്ങൾക്ക് ആദായകരമായ വില ലഭിക്കാത്തത്, വായ്പ തിരിച്ചടയ്ക്കാനുള്ള കഴിവില്ലായ്മ, കർഷക സമൂഹത്തിന്റെ വർദ്ധിച്ചുവരുന്ന പാപ്പരാകൽ തുടങ്ങി രാജ്യത്തെ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് എന്തെങ്കിലും പരിഹാരം ബജറ്റിൽ നിർദ്ദേശിക്കുന്നില്ല. 2024–25 ലെ കേന്ദ്ര ബജറ്റിന്റെ 48.25 ലക്ഷം കോടി രൂപയുടെ എസ്റ്റിമേറ്റിൽ 1,51,851 കോടിരൂപ അല്ലെങ്കിൽ വെറും 3.15 ശതമാനംമാത്രമാണ് കൃഷിയുടെയും അനുബന്ധ മേഖലകളുടെയും വിഹിതം. കാർഷികമേഖലയുടെ വിഹിതം 2019–20 വർഷത്തെ 5.44 ശതമാനത്തിൽനിന്ന് 2020–21ൽ 5.08 ശതമാനമായും 2021–22ൽ 4.26 ശതമാനമായും 2022–23ൽ 3.23 ശതമാനമായും കുറഞ്ഞു. ബിജെപി സർക്കാർ കർഷകരോട് കാണിക്കുന്ന കരുതൽ! ഒരു വർഷം നീണ്ടുനിന്ന ചരിത്രപ്രധാനമായ കർഷകപ്രസ്ഥാനത്തിന്റെ സമ്മർദ്ദത്തിൽ, മൂന്ന് കാർഷിക കരിനിയമങ്ങൾ പിൻവലിക്കാൻ സർക്കാർ നിർബന്ധിതരായി. എന്നാൽ, എല്ലാ ഖാരിഫ്, റാബി വിളകൾക്കും നിയമപരമായ പരിരക്ഷയോടെ കൃഷിയുടെ മൊത്തച്ചെലവിന്റെ 50 ശതമാനത്തിനു മുകളിലുള്ള (ഇതിൽ മൂലധനത്തിന്റെ ചെലവ്, ഭൂമിയുടെ വാടക, കർഷകരുടെ ഉടമസ്ഥതയിലുള്ള കാർഷിക യന്ത്രങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ്) പരമാവധി താങ്ങുവില, കൃഷിയിൽ കോർപ്പറേറ്റുവൽക്കരണം ഒഴിവാക്കുക, കാർഷിക ഉൽപ്പാദനത്തിലും വ്യാപാരത്തിലും ബഹുരാഷ്ട്ര കമ്പനികളെ മാറ്റിനിർത്തുക, രാസവളം, വിത്ത്, കീടനാശിനികൾ, വൈദ്യുതി, ജലസേചനം, പെട്രോളിയം ഉൽപന്നങ്ങൾ, യന്ത്രസാമഗ്രികൾ, ട്രാക്ടറുകൾ തുടങ്ങിയവയുടെ ജിഎസ്ടി ഒഴിവാക്കുക എന്നീ ആവശ്യങ്ങൾ പാലിച്ചിട്ടില്ല. തന്ത്രപരമായി, കഴിഞ്ഞ ജൂണിൽ, 2024–25 വർഷത്തേക്ക് നെല്ലിന്റെ മിനിമം താങ്ങുവില 5.35 ശതമാനം ഉയർത്തി ക്വിന്റലിന് 2,300 രൂപയായി സർക്കാർ പ്രഖ്യാപിച്ചു. ഇത് കർഷകർ ദീർഘകാലമായി ആവശ്യപ്പെടുന്നതിനേക്കാൾ വളരെ കുറവാണ്. 2023–24 അക്കൗണ്ടിംഗ് വർഷത്തേക്ക് റിസർവ് ബാങ്ക് 2,10,874 കോടി രൂപ കേന്ദ്ര സർക്കാരിന് മിച്ചമായി കൈമാറിയെങ്കിലും, ഔദ്യോഗിക രേഖകൾ പ്രകാരം, കർഷകരുടെയും തൊഴിലാളികളുടെയും വായ്പ എഴുതിത്തള്ളണമെന്ന ദീർഘകാല ആവശ്യം ബജറ്റ് അവഗണിച്ചു. ഇന്ത്യയിൽ പ്രതിദിനം 31 കർഷകർ ആത്മഹത്യചെയ്യുന്നു. വളം സബ്സിഡി കഴിഞ്ഞ വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റിൽനിന്ന് 13.18% കുറഞ്ഞ് 164,000 കോടി രൂപയായി. 11,925 കോടിരൂപയുടെ ഇന്ധനസബ്സിഡി പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ 2.57% കുറവാണ്. അതുപോലെ, അന്താരാഷ്ട്ര ക്രൂഡ് വില കുറഞ്ഞിട്ടും റഷ്യയിൽ നിന്നും കുറഞ്ഞവിലയ്ക്ക് എണ്ണ ഇറക്കുമതി ചെയ്തിട്ടും റീട്ടെയിൽ ഇന്ധന നിരക്കിൽ ഒരു കുറവും വരുത്തിയിട്ടില്ല. എല്ലാംകൊണ്ടും ഇതൊരു കർഷക വിരുദ്ധ ബജറ്റാണ്.

ഭക്ഷ്യസബ്സിഡിക്കുള്ളബജറ്റ്വിഹിതം മുൻ വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റുമായി താരതമ്യപ്പെടുത്തുമ്പോൾ 3.3% വെട്ടിക്കുറച്ചുവെന്നത് ഞെട്ടിപ്പിക്കുന്നതാണ്. എന്നാൽ ഒട്ടും ഉൽപ്പാദനക്ഷമമല്ലാത്ത പ്രതിരോധ ബജറ്റ് 5,93,538 കോടി രൂപയിൽ നിന്ന് 6,21,940.85 കോടി രൂപയായി (ഏകദേശം 75 ബില്യൺ യുഎസ് ഡോളർ) ഉയർത്തുന്നതിൽ ബജറ്റ് പരാജയപ്പെട്ടില്ല. മന്ത്രാലയങ്ങളിലെ ഏറ്റവും ഉയർന്ന നിരക്കാണിത്.

## റെയിൽവെ

പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ 2014ൽ അധികാരമേറ്റശേഷം പ്രത്യേക റെയിൽവേ ബജറ്റ് അവതരിപ്പിക്കുന്ന രീതി ഒഴിവാക്കി. അതിനുശേഷം, വളരെ പ്രധാനപ്പെട്ട ഈ സേവനത്തിന്റെ സാമ്പത്തികവും പ്രവർത്തനപരവുമായ വിശദാംശങ്ങൾ പരസ്യമാക്കിയിട്ടില്ല. ഈ വർഷത്തെ ബജറ്റിൽ ഇന്ത്യൻ റെയിൽവേയെക്കുറിച്ച് പരാമർശിക്കാൻ പോലും ശ്രമിച്ചില്ല. 2024–25ൽ റെയിൽവേയുടെ മൂലധന വിഹിതം 2.51 ലക്ഷം കോടി രൂപയായി വർധിപ്പിച്ചു. ഇത് വെറും 5 ശതമാനത്തിന്റെ വർധനയാണ്, ഇതാകട്ടെ പണപ്പെരുപ്പത്തിനൊപ്പം പിടിച്ചുനിൽക്കാൻപോലും പര്യാപ്തമല്ല. ഇതിന്റെ ഫലമായി, ട്രെയിൻ യാത്രയുടെ സുരക്ഷയിൽ വിട്ടുവീഴ്ച ചെയ്യപ്പെടുകയും 2023–24ൽ ധനമന്ത്രി സമ്പൂർണ്ണ ബജറ്റ് അവതരിപ്പിച്ചതിനുശേഷം വലിയ റെയിൽവേ അപകടങ്ങളുടെ ഒരു നിര (ശരാശരി 44) ഉണ്ടാകുകയും ചെയ്തു. തിരഞ്ഞെടുത്ത ചില പദ്ധതികൾക്കുമാത്രം ഊന്നൽ നൽകുന്നു. പ്രത്യേകിച്ചും വന്ദേ ഭാരത് ട്രെയിനുകൾ അല്ലെങ്കിൽ വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളാൽ ന്യായീകരിക്കാൻ കഴിയാത്ത ഏകപക്ഷീയമായി തിരഞ്ഞെടുത്ത സ്ഥലങ്ങളിലെ സ്റ്റേഷൻ സൗന്ദര്യവൽക്കരണ പദ്ധതികൾ. സാധാരണ ട്രെയിനുകളുടെ റേക്കുകളുടെ അറ്റകുറ്റപ്പണികൾ, ഓട്ടത്തിന്റെ കൃത്യനിഷ്ഠത എന്നിവയെല്ലാം, യാത്രാനിരക്ക് പലതവണ വർദ്ധിപ്പിച്ചിട്ടും നടക്കാത്ത കാര്യങ്ങളായി മാറിയിരിക്കുന്നു. വാസ്തവത്തിൽ, ട്രെയിൻ യാത്ര ഇപ്പോൾ വളരെ ഭയാനകമാണ്. സർക്കാരാകട്ടെ റയിൽവേയുടെ മൊത്തത്തിലുള്ള സ്വകാര്യവത്ക്കരണത്തിനുള്ള നീക്കത്തിലാണ്.

## വർദ്ധിക്കുന്ന ധനക്കമ്മിയും ദേശീയകടവും

ബജറ്റ് പറയുന്നു: "2024–25 വർഷത്തേക്ക്, കടമെടുക്കൽ ഒഴികെയുള്ള മൊത്തം വരവുകളും മൊത്തംചെലവുകളും യഥാക്രമം 32.07 ലക്ഷം കോടി രൂപയും 48.21 ലക്ഷം കോടി രൂപയുമാണ്. ജിഡിപിയുടെ 4.9ശതമാനമാണ് ധനക്കമ്മി കണക്കാക്കിയിരിക്കുന്നത്. 2024–25 കാലയളവിൽ ഡേറ്റഡ് സെക്യൂരിറ്റികൾ വഴിയുള്ള മൊത്ത, അറ്റ വിപണി വായ്പകൾ യഥാക്രമം 14.01 ലക്ഷം കോടി രൂപയും 11.63 ലക്ഷംകോടിരൂപയുമാണ്. എടുത്തു പറയേണ്ട കാര്യം, ആ നികുതിയിൽ കോർപ്പറേറ്റ് മേഖലയുടെ വിഹിതം വെറും 24.45% മാത്രമാണ്. വ്യക്തിഗത ആദായനികുതിയിൽ നിന്നുള്ള സർക്കാർ വരുമാനത്തിന്റെ വിഹിതം 19 ശതമാനമാണ്, ഇത് കോർപ്പറേറ്റുകൾ സംഭാവന ചെയ്ത 17 ശതമാനത്തിനേക്കാൾ കൂടുതലാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നുള്ള 1.3 ലക്ഷം കോടിരൂപയുടെ അധിക ലാഭവിഹിതംമൂലം ധനക്കമ്മി ജിഡിപിയുടെ 4.9 ശതമാനമായി കുറഞ്ഞതായി പ്രസ്താവിക്കുന്നു. എന്നാൽ മുൻകാല വായ്പകൾക്കുനൽകേണ്ട പലിശ 11.6 ലക്ഷം കോടി രൂപയാണ്. അതായത്, ഇപ്പോൾ 181,68,456.91 കോടി രൂപ(ജിഡിപിയുടെ 81.68 ശതമാനം) വരുന്ന ദേശീയകടം ഇനിയും ഉയരുമെന്നർത്ഥം. 2019 സെപ്റ്റംബറിൽ, ബിജെപി സർക്കാർ അടിസ്ഥാന കോർപ്പറേറ്റ് നികുതി 30% ൽനിന്ന് 22% ആയും പുതിയ നിർമ്മാണ സ്ഥാപനങ്ങൾക്ക് 2019 ഒക്ടോബർ 1 നുശേഷം 25% ൽനിന്ന് 15% ആയും വെട്ടിക്കുറച്ചു.

ഈ ബജറ്റിലും കൂടുതൽ വിദേശ നിക്ഷേപം ആകർഷിക്കുന്നതിന്റെ പേരിൽ വിദേശ കമ്പനികളുടെ കോർപ്പറേറ്റ് നികുതി നിരക്ക് 40ൽനിന്ന് 35 ശതമാനമായി കുറച്ചിട്ടുണ്ട്. എന്നാൽ വ്യക്തിഗത നികുതിദായകർക്ക് അത്തരമൊരു ആശ്വാസമില്ല. മറിച്ച്, പ്രത്യക്ഷവും പരോക്ഷവുമായ നികുതിയുടെ വർധിച്ച ഭാരമുണ്ട്. അങ്ങനെ അസമത്വം ഇനിയും ഉയരും. വർദ്ധിച്ചുവരുന്ന വരുമാന അസമത്വത്തെക്കുറിച്ച് ചോദിച്ചപ്പോൾ, പ്രധാനമന്ത്രി മോദി ഒരു ടെലിവിഷൻ അഭിമുഖത്തിൽ ചോദിച്ചത്, "ഞാൻ എല്ലാവരേയും ദരിദ്രരാക്കണോ?", എന്നാണ്. ഇത് വർദ്ധിച്ചുവരുന്ന വരുമാന അസമത്വത്തിൽ അദ്ദേഹത്തിനുള്ള ആശങ്കയില്ലായ്മ പ്രതിഫലിപ്പിക്കുന്നു.

ചുരുക്കത്തിൽ ഭരണസംവിധാനത്തെ കോർപ്പറേറ്റ് മാധ്യമങ്ങൾ ഉൾപ്പെടെയുള്ള അതിന്റെ സേവകർ പ്രശംസിക്കുകയും കൊട്ടിഘോഷിക്കുകയും ചെയ്തിട്ടും, ബിജെപി ഗവൺമെന്റിന്റെ നിലപാട് സമ്പന്നരായ കുത്തകകൾക്ക് അനുകൂലമാണെന്ന് ഒരിക്കൽക്കൂടി തെളിയിക്കപ്പെട്ടിരിക്കുന്നു. ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ അവസാന തുള്ളി രക്തംപോലും പിഴിഞ്ഞെടുക്കുന്നതിലേക്കാണ് അവരുടെ നീക്കം. വളർച്ചയെക്കുറിച്ച് സംസാരിക്കുമ്പോൾ, അത് സ്ഥിരമായ പ്രതിഫലം ലഭിക്കുന്ന ജോലികളിലേക്കും, ഉയർന്ന വരുമാനത്തിലേക്കും, സാധാരണ ജനങ്ങളുടെ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളിലേക്കും, കുറയുന്ന അസമത്വത്തിലേക്കും നയിക്കണമെന്നാണ് ഒരു സാധാരണക്കാരൻ ആഗ്രഹിക്കുന്നത്. 1%സമ്പന്നർ പ്രതിവർഷം 1000% ത്തിൽ കൂടുതൽ വളരുകയും ബാക്കിയുള്ളവർ അതിജീവിക്കാൻ കൂടുതൽ കഠിനമായി പോരാടുകയും ചെയ്യുന്നുവെങ്കിൽ, അതിനെ 'വളർച്ച്' എന്ന് വിളിക്കാനാവില്ല. 'വൈബ്രന്റ് ഇന്ത്യയുടെ' ഏറ്റവും ഉയർന്ന 1% പേരുടെ സമ്പത്തിന്റെ പങ്ക് രാജ്യത്തിന്റെ സമ്പത്തിന്റെ 40% വരും, അതേസമയം അധ്വാനിക്കുന്ന ദശലക്ഷക്കണക്കിന് ആളുകൾ ഓരോ ദിവസവും ദരിദ്രരായിക്കൊണ്ടിരിക്കുന്നു. ഈ ബജറ്റ് വരുംദിവസങ്ങളിൽ ഈ സാഹചര്യത്തെ കൂടുതൽ ഭയാനകമാക്കും. ഒരു വാചകക്കസർത്തിനും യാഥാർത്ഥ്യത്തെ അടിച്ചമർത്താൻ കഴിയില്ല. ദുരിതമനുഭവിക്കുന്ന ആളുകൾ ഈ സത്യം ഉൾക്കൊള്ളുകയും, ബജറ്റ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന, യാഥാർത്ഥ്യത്തെ മറച്ചുവെക്കാനുള്ള ഈ വൃഥാവ്യായാമത്തിനെതിരെ, അണിനിരക്കുകയും വേണം. ■

# ഭക്ഷ്യസാധനങ്ങൾ ജിഎസ്ടിയുടെ പരിധിയിൽവന്നതും പൊതുവിതരണ സംവിധാനത്തിന്റെ തകർച്ചയും വിലക്കയറ്റം രൂക്ഷമാക്കി

(1–ാം പേജിൽനിന്ന്)

തും വ്യാപാരം ചെയ്യുന്നതുമായ സാധനങ്ങളാണ് ഹോൾസെയിൽ പ്രൈസ് ഇൻഡക്സിന്റെ പരിധിയിൽവരുന്നത്, പ്രാഥമികമായി നിർമ്മാതാവിന്റെയോ വിതരണക്കാരന്റെയോ തലത്തിലുള്ള വിലയിലെ ചലനങ്ങളെയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. ഡബ്ല്യുപിഐ കണക്കാക്കാൻ മൊത്തവ്യാപാരവിപണയിൽ വിൽക്കുന്ന സാധനങ്ങളുടെ ശരാശരി വിലനിലവാരം പരിഗണിക്കുമ്പോൾ സാധാരണക്കാർ വാങ്ങുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ശരാശരി വിലനിലവാരവും അതിലെ വ്യതിയാനങ്ങളുമാണ് സിപിഐ കണക്കാക്കാൻ പരിഗണിക്കുന്നത്. ചില്ലറവിൽപ്പനതലത്തിലെ വിലയുടെ ചലനങ്ങളെയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. സിപിഐയും ഡബ്ല്യുപിഐയും കണക്കാക്കുന്നതിനുള്ള മാനദണ്ഡം ഡോളറാണ് എന്നതുകൊണ്ട് ഡോളറുമായുള്ള വിനിമയത്തിൽ രൂപയുടെ മൂല്യത്തിനുണ്ടാകുന്ന ഇടിവ് പണപ്പെരുപ്പത്തെയും വിലക്കയറ്റത്തെയും സ്വാധീനിക്കും. ഡോളറുമായുള്ള വിനിമയ നിരക്കിൽ രൂപ ഏറ്റവും അധികം തകർച്ചയെ നേരിടുന്ന കാലഘട്ടമാണിത്.

പണപ്പെരുപ്പം വിലക്കയറ്റത്തിന് വഴിവയ്ക്കുമെന്നതിനാൽ സമസ്ത ജീവിതമേഖലകളെയും ഇത് ബാധിക്കും. മൊത്തവിലസൂചികയുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ പണപ്പെരുപ്പം 2024 ജൂണിൽ 3.36 ശതമാനമായി വർദ്ധിച്ചു. മെയ് മാസത്തിൽ ഇത് 2.61 ശതമാനം ആയിരുന്നു. കഴിഞ്ഞ 16 മാസത്തെ ഏറ്റവും ഉയർന്ന നിരക്കാണിത്. ഭക്ഷ്യവസ്തുക്കൾ, പെട്രോളിയം, പ്രകൃതിവാതകം, മിനറൽ ഓയിലുകൾ, മറ്റ് നിർമ്മാണ മേഖലകൾ എന്നിവയുൾപ്പെടെ വിവിധ മേഖലകളിലെ വിലക്കയറ്റമാണ് പണപ്പെരുപ്പനിരക്ക് ഉയരുന്നതിലേക്ക് നയിച്ചത്. മെയ് മാസത്തിലെ 9.82 ശതമാനത്തിൽ നിന്ന് ജൂണിൽ ഭക്ഷ്യവസ്തുക്കളുടെ വിലവർദ്ധവ് 10.87 ശതമാനമായി ഉയർന്നു. പച്ചക്കറികളുടെ കാര്യത്തിൽ ഇത് ജൂണിൽ 38.76 ശതമാനമാണ്. ധാന്യങ്ങളുടെ വിലക്കയറ്റം 9.27 ശതമാനമാണ്. ഉരുളക്കിഴങ്ങ്, ഉള്ളി എന്നിവയുടെ വിലക്കയറ്റം യഥാക്രമം 66.37 ശതമാനവും 93.35 ശതമാനവും ആണ്. പഴങ്ങളുടെ വിലവർദ്ധനവ് 10.14% വും പാലിന്റേത് 3.37% വും ആണ്. മെയ് മാസത്തിൽ 1.35 ശതമാനമായിരുന്ന ഇന്ധന, വൈദ്യുതി വിലവർദ്ധന ജൂണിൽ 1.03 ശതമാനമായിട്ടുണ്ട്. ജൂണിൽ പെട്രോളിയം, പ്രകൃതിവാതക മൊത്തവിലവർദ്ധന 12.55 ശതമാനവും ക്രൂഡ് പെട്രോളിയത്തിന്റേത് 14.04 ശതമാനവുമാണ്.

വിലക്കയറ്റവും വരുമാനത്തിലെ കുറവും ഇന്ത്യക്കാരെഭക്ഷണരീതിപുനക്രമീകരിക്കാൻ പ്രേരിപ്പിക്കുന്നുവെന്നാണ് യുഎൻ പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നത്. ആരോഗ്യകരമായ ഭക്ഷണത്തിന് ഇന്ത്യയിൽ ചെലവേറിയെന്ന് യുഎൻ ഏജൻസിയായ സ്റ്റേറ്റ് ഓഫ് സെക്യൂരിറ്റി ആൻഡ് ന്യൂട്രീഷ്യൻ ഇൻ ദ വേൾഡ് (സോഫി) 2023ലെ റിപ്പോർട്ട് പറയുന്നു. വരുമാനത്തിന്റെ പകുതിയിലേറെ ചെലവഴിച്ചിട്ടും 70ശതമാനം ഇന്ത്യക്കാർക്ക് ആരോഗ്യകരമായ ഭക്ഷണം കഴിക്കാനാകുന്നില്ല എന്നും പ്രസ്തുത റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. വിലക്കയറ്റം ഗുണമേന്മയുള്ള ഭക്ഷണം ജനങ്ങൾക്ക് അപ്രാപ്യമാക്കുന്നു. ഇതും സമീപഭാവിയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ക്ക് ഇടവരുത്തും. അല്ലെങ്കിൽതന്നെ ആഗോളപട്ടിണി സൂചികയിൽ 111–ാം സ്ഥാനത്തും സന്തോഷ സൂചികയിൽ 110–ാം സ്ഥാനത്തുമുള്ള ഇന്ത്യയിലാണ് മാതൃമരണത്തിന്റെ 17 ശതമാനവും ശിശുമരണത്തിന്റെ 21ശതമാനവും. പോഷകാഹാരക്കുറവും തന്മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും വരുംതലമുറകളെ പ്രതിസന്ധിയിലാഴ്ത്തുമെന്നുറപ്പാണ്.

## അരിവിലയും ജിഎസ്ടിയും

പൊതുവിപണിയിൽ അരിയുടെ വില കുതിക്കുകയാണ്. പണപ്പെരുപ്പംകൂടാതെ അരിയുടെ വിലവർദ്ധനവിന് പ്രധാനമായും രണ്ടുകാരണങ്ങളാണുള്ളത്. അരിയുൾപ്പെടെയുള്ള ഭക്ഷ്യസാധനങ്ങൾ ജിഎസ്ടിയുടെ പരിധിയിൽകൊണ്ടുവന്നതും പൊതുവിതരണസംവിധാനത്തിന്റെ തകർച്ചയും. ജിഎസ്ടി ആദ്യം നടപ്പിലാക്കിയപ്പോൾ ഭക്ഷ്യസാധനങ്ങൾ ഒഴിവാക്കിയിരുന്നു. ബ്രാൻഡഡ് സാധനങ്ങൾക്കും പാക്കറ്റ് സാധനങ്ങൾക്കും മാത്രമേ നികുതി ബാധകമാകുകയുള്ളൂ എന്നാണ് നിത്യോപയോഗ സാധനങ്ങളെ ജിഎസ്ടിയുടെ പരിധിയിലേയ്ക്ക് കൊണ്ടുവന്നുകൊണ്ട് ജിഎസ്ടി വകുപ്പ് പറഞ്ഞത്. എന്നാൽ ജിഎസ്ടി നിയമം ഭേദഗതി ചെയ്ത് 25 കിലോ പരിധി സർക്കാർ എടുത്തുകളഞ്ഞപ്പോൾ ബ്രാൻഡഡ് അല്ലാത്ത സാധനങ്ങൾക്കും നികുതി ബാധകമായി. അഞ്ചുശതമാനമാണ് ചുമത്തപ്പെട്ടിരിക്കുന്ന നികുതി. ഇത് വിലകുതിച്ചുയരാൻ ഇടയാക്കി.

കാർഷികമേഖലയിൽ കുത്തകകൾ പിടിമുറുക്കുന്നത് ചെറുകിട ഇടത്തരം കർഷകരുടെ തകർച്ചയ്ക്കും വിലക്കയറ്റത്തിനും കാരണമാകുന്നു. അവധിവ്യാപാരം ചെറുകിട കർഷകരുടെ നട്ടെല്ലൊടിക്കുകയാണ്. കുത്തകകൾക്കുവേണ്ടി കാർഷികനിയമങ്ങൾ പൊളിച്ചെഴുതുന്നതും കുത്തകകൾക്ക് ഭക്ഷ്യധാന്യങ്ങൾ യഥേഷ്ടം സംഭരിക്കാനുള്ള അവസരം നൽകുംവിധം കുത്തകസംഭരണ നിയമം മാറ്റുന്നതും പൂഴ്ത്തിവയ്പ്പിനും തദ്വാരാ വിലക്കയറ്റത്തിനും ഇടവരുത്തുന്നു. അതോടൊപ്പം വളത്തിനും വൈദ്യുതിക്കും വിലവർദ്ധിപ്പിച്ച് കൃഷി ചെലവേറിയതാക്കി. കേരളത്തിലെ ഭക്ഷ്യമന്ത്രി അരിയന്വേഷിച്ച് ആന്ധ്രയും തമിഴ്നാടും കറങ്ങുമ്പോൾ കേരളത്തിൽ വിറ്റ നെല്ലിന് കർഷകർക്ക് പണം നൽകിയിട്ടില്ല. നെൽകൃഷി അടക്കം എല്ലാ കാർഷിക വിളകൾക്കും താങ്ങുവില പ്രഖ്യാപിച്ച്, സംഭരണത്തിന് സർക്കാർ തലത്തിൽ ക്രമീകരണങ്ങൾ ഉണ്ടാക്കി, കർഷകർക്ക് ന്യായമായ വില നൽകി, മിതമായ വിലയ്ക്ക് ജനങ്ങൾക്ക് എത്തിച്ചുകൊടുക്കാനുള്ള സംവിധാനമാണ് സർക്കാർ ഉണ്ടാക്കേണ്ടത്. കാർഷിക- പൊതുവിതരണമേഖലകൾ ശക്തിപ്പെടുത്തണം. സപ്ലൈകോയുടെ തകർച്ച വിലക്കയറ്റത്തിന്റെ നിലയില്ലാക്കയത്തിലേയ്ക്ക് ജനങ്ങളെ തള്ളിയിരിക്കുന്നു.

നരസിംഹറാവു സർക്കാരിന്റെ കാലം മുതൽ സ്വീകരിച്ചുവന്ന നടപടികളിലൂടെ റേഷൻ ഉപഭോക്താക്കളുടെ എണ്ണം ക്രമാനുഗതമായി വെട്ടിക്കുറച്ചു. അതിന്റെ തുടർച്ചയായി കേന്ദ്രത്തിൽ അധികാരത്തിൽവന്ന സർക്കാരുകൾ കൈക്കൊണ്ട നടപടികളിലൂടെ പൊതുവിതരണസംവിധാനം ഏതാണ്ട് സമ്പൂർണതകർച്ചയുടെ വക്കിലെത്തിയിരിക്കുകയാണ്. പൊതുവിതരണസംവിധാനം ശക്തിപ്പെടുത്തിക്കൊണ്ടേ വിലക്കയറ്റം നിയന്ത്രിക്കാനാകൂ.

## ജിഎസ്ടിയും നികുതി വർദ്ധനവും

ചരക്കുകൾക്കൊപ്പം സേവനങ്ങളും നികുതിയുടെ പരിധിയിൽകൊണ്ടുവന്നുകൊണ്ടാണ് ജിഎസ്ടി അഥവാ ഗുഡ്സ് ആന്റ് സർവീസ് ടാക്സ് നടപ്പിലാക്കിയത്. കേന്ദ്ര, സംസ്ഥാനതലങ്ങളിലായി നിലനിന്നിരുന്ന രണ്ടായിരത്തോളം പരോക്ഷനികുതികൾക്കുപകരമായി ഏകീകൃതവും സംയോജിതവുമായ നികുതി സമ്പ്രദായം എന്നനിലയിലാണ് ജിഎസ്ടി കൊണ്ടുവന്നതെങ്കിലും ഉൽപ്പാദനംമുതൽ ഉപഭോഗംവരെയുള്ള എല്ലാ ഘട്ടങ്ങളിലും ചുമത്തപ്പെടുന്ന തിനാലും നിലവിലുള്ള ചില്ലറ വിൽപ്പന സമ്പ്രദായത്തിൽ വിൽപനയുടെ നിരവധി ഘട്ടങ്ങൾ അനിവാര്യമാണെന്നതിനാലും ഓരോ ഘട്ടത്തിലും ചുമത്തപ്പെടുന്ന മൂല്യവർദ്ധിതനികുതി അഥവാ വാറ്റ് അന്തിമമായി ഉൽപ്പന്നങ്ങളുടെ വിലവർദ്ധവിന് കാരണമാകും, ഭീമമായ നികുതി ഭാരം ഉപഭോക്താക്കളായ സാധാരണ ജനങ്ങളുടെമേൽ പതിക്കും. ഓരോ ഘട്ടത്തിലും ഉണ്ടാകുന്ന മൂല്യവർദ്ധനവിനാണ് നികുതി ചുമത്തപ്പെടുന്നത് എന്നതുകൊണ്ട് നികുതിയുടെ ഭാരം സഞ്ചിതമായി ഉപഭോക്താവിനുമേൽ പതിക്കും. അഞ്ചു ശതമാനം മുതൽ ഇരുപത്തിയെട്ട് ശതമാനംവരെയാണ് നികുതി നിരക്ക് എന്നതിനാൽ ഏത് സാധനത്തിനും വില ഭീമമായി വർദ്ധിക്കുന്നു.

## സർക്കാർ സേവനങ്ങളുടെ ഫീസ് വർദ്ധനവ്

സർക്കാർ സേവനങ്ങൾക്കാകെ ഏർപ്പെടുത്തിയിരിക്കുന്ന യൂസർഫീസുകളും നികുതി, ചാർജ്ജ് വർദ്ധനവുകളും കുടിവെള്ളത്തിന്റെയും വൈദ്യുതിയുടെയും വിലക്കയറ്റവുമെല്ലാം ജീവിതത്തിൽ പിടിച്ചുനിൽക്കാൻ സാധാരണക്കാരൻ നടത്തുന്ന ശ്രമങ്ങൾക്കുമേൽ കനത്ത പ്രഹരമേൽപ്പിക്കുകയാണ്. യൂസർ ഫീ എന്നത് ആഗോളവത്ക്കരണത്തിന്റെ തിട്ടൂരമാണ്. ജനക്ഷേമത്തിന്റെ പേരിൽ ഇനിമേലൊന്നും സൗജന്യമായി കിട്ടില്ലെന്നും എല്ലാം കാശുമുടക്കി വാങ്ങേണ്ടതാണെന്നുമുള്ള കാഴ്ചപ്പാടാണ് ഇതിന്റെ അടിസ്ഥാനം. സേവനമേഖലകളായി കരുതപ്പെട്ടുപോന്നിരുന്ന വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, വൈദ്യുതി തുടങ്ങിയവയെല്ലാം അങ്ങനെ വിൽപ്പനച്ചരക്കായി. വാഹനനികുതിയും അനുബന്ധ ചാർജ്ജുകളും വെള്ളക്കരം, കെട്ടിടനികുതി, വൈദ്യുതി ചാർജ്ജ് തുടങ്ങിയവയെല്ലാം രണ്ടും മൂന്നും മടങ്ങാണ് വർദ്ധിപ്പിക്കുന്നത്. എല്ലാ സേവനങ്ങൾക്കുമുള്ള ഫീസ് വർദ്ധിപ്പിക്കാനുള്ള അനുമതി ധനവകുപ്പ് എല്ലാ വകുപ്പുകൾക്കും നൽകിക്കഴിഞ്ഞു. പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന്റെ പേരിലും ജനങ്ങളെ നിർബന്ധിതമായി പിഴിയുന്നു. പോലീസ് സ്റ്റേഷൻ, കോടതി, സർക്കാർ ഓഫീസുകൾ എല്ലാം ഫീസ് ഈടാക്കി സേവനംനൽകുന്ന കേന്ദ്രങ്ങളായി മാറിക്കഴിഞ്ഞു.

## ചികിത്സാചെലവിലെ വർദ്ധനവ്

ജനങ്ങളുടെ നട്ടെല്ലൊടിക്കുന്ന വർദ്ധനവാണ് ചികിത്സാരംഗത്ത് ഉണ്ടായിരിക്കുന്നത്. സർക്കാർ ആശുപത്രികളിൽ സൗജന്യചികിത്സ ഇല്ലാതായിരിക്കുന്നു. എക്സ്റേ, ലാബ് പരിശോധനകൾ, സ്കാനിംഗുകൾ തുടങ്ങി മരുന്നുകൾ, ശസ്ത്രക്രിയകൾ എല്ലാത്തിനും പണം ഈടാക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. സർക്കാർആശുപത്രിക്കുള്ളിൽ ഈ പരിശോധനകൾ നടക്കണമെങ്കിൽ മാസങ്ങളോളം കാത്തിരിക്കണം. ഒപി ടിക്കറ്റിനും വാഹന പാർക്കിംഗിനുംവരെ ചാർജ്ജ് ഈടാക്കുന്നു. മരുന്നുകളുടെ ഗുണനിലവാരം സംശയാസ്പദമാണ്. മെഡിക്കൽ കോളജുകളിൽ മരുന്നുകമ്പനികളുടെയോ, ഇൻഷ്വറൻസ് കമ്പനിയുടെയോ, അതുമല്ലെങ്കിൽ ശസ്ത്രക്രിയാസാമഗ്രികൾ വിൽക്കുന്ന കമ്പനികളുടെയോ നിർദ്ദേശപ്രകാരമാണ് ചികിത്സാവിധി നിശ്ചയിക്കുന്നത് എന്ന സ്ഥിതിവന്നിരിക്കുന്നു. സർക്കാർ ആശുപത്രി കോമ്പൗണ്ടിനുള്ളിൽത്തന്നെ അദാനിയുടെ ഹിന്ദ് ലാബടക്കം സ്കാൻസെന്ററുകളും സ്വകാര്യ ലാബുകളും പ്രവർത്തിക്കുന്നു. ജീവൻരക്ഷാ ഔഷധങ്ങളുടെപോലും വില ഭീകരമായി വർദ്ധിച്ചിരിക്കുന്നു. ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്ന തൊഴിലാളികളും സാധാരണക്കാരുമായ ജനങ്ങൾക്ക് ഇരുട്ടടി നൽകിയ തീരുമാനമാണ് അവശ്യമരുന്നുകളുടെ വിലവർധിപ്പിക്കുവാൻ കേന്ദ്രസർക്കാർ നൽകിയിരിക്കുന്ന അനുമതി. 850ലധികം മരുന്നു സംയുക്തങ്ങളുടെ വില ഏപ്രിൽമുതൽ ഉയർത്താനുള്ള അനുമതിയാണ് കേന്ദ്രസർക്കാർനൽകിയിരിക്കുന്നത്. 2021ലെ മൊത്തവില സൂചികയനുസരിച്ച 10.8% വരെ വിലകൾ ഉയർത്താനാണ് അനുമതി. പത്തുശതമാനം വിലവർദ്ധിപ്പിക്കാനുള്ള സർക്കാർ അനുമതിക്കൊപ്പം പേറ്റന്റ് നിയമഭേദഗതിയും ഈ വിലക്കയറ്റത്തിന്റെ അടിസ്ഥാന കാരണമായി വർത്തിക്കുന്നു. ആരോഗ്യ ഇൻഷ്വറൻസ് പ്രീമിയത്തിന് ജിഎസ്ടി ഏർപ്പെടുത്തിയതുവഴി 2021 ഏപ്രിൽ മുതൽ 2024 മാർച്ചുവരെയുള്ള മൂന്നുവർഷംകൊണ്ട് സർക്കാർ ജനങ്ങളിൽനിന്ന് പിഴിഞ്ഞത് 21,225 കോടിരൂപയാണ്. പതിനെട്ടുശതമാനമാണ് നികുതി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഒമ്പതുശതമാനം വീതം. ചികിത്സാരംഗമൊന്നാകെ സ്വകാര്യകുത്തകകൾക്ക് കൈമാറുന്നതിന്റെ ഭാഗമാണിതെല്ലാം. സർക്കാർ ആശുപത്രികളിൽ സൗജന്യചികിത്സ ഉറപ്പാക്കുകയും മതിയായ അളവിൽ ഡോക്ടർമാർ ഉൾപ്പെടെ ജീവനക്കാരെ നിയമിക്കുകയും ആധുനിക ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും മരുന്നിന്റെ ഗുണനിലവാരം ഉറപ്പാക്കുകയുമാണ് സർക്കാർ അടിയന്തരമായി ചെയ്യേണ്ടത്.

## ഇന്ധനവിലവർദ്ധനവും വിലക്കയറ്റവും

ഭീകരമാംവിധം വർദ്ധിക്കുന്ന തൊഴിലില്ലായ്മമൂലം വരുമാനം ഗണ്യമായി കുറയുമ്പോൾ പെട്രോളിന്റെയും ഡീസലിന്റെയും വില കുതിച്ചുയരുന്നത് സാധാരണക്കാരന്റെ ജീവിതം കൂടുതൽ പ്രതിസന്ധിയിലാക്കുന്നു. ഇന്ധനവിലവർദ്ധനവ് കടത്തുകൂലിയടക്കം എല്ലാ കാര്യങ്ങളിലും പ്രതിഫലിക്കുമെന്നതിനാൽ അതുമൂലവും വിലക്കയറ്റം സൃഷ്ടിക്കപ്പെടുന്നു. അന്തർദ്ദേശീയ മാർക്കറ്റിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോഴും പെട്രോളിനും ഡീസലിനും ഇന്ത്യയിൽ വില ഉയരുന്നു എന്നതാണ് അനുഭവം. പെട്രോൾ വിലയിൽ 32 ശതമാനവും ഡീസൽ വിലയിൽ 35 ശതമാനവും കേന്ദ്ര എക്സൈസ് ഡ്യൂട്ടിയാണ്. പെട്രോൾ വിലയിൽ 23 ശതമാനവും ഡീസൽ വിലയിൽ 14 ശതമാനവും സംസ്ഥാനത്തിന്റെ വാറ്റ് നികുതിയാണ്. വിലയെക്കാളേറെ നികുതിയാണ് പെട്രോളിനും ഡീസലിനും ചുമത്തപ്പെട്ടിരിക്കുന്നത്. 2014ൽ പെട്രോളിന്റെ കേന്ദ്രനികുതി 9.48രൂപയായിരുന്നതാണ് 32 രൂ

(ശേഷം 6–ാം പേജിൽ)

# വിനേഷ് ഫോഗട്ടിന്റെ പോരാട്ടം ഒളിമ്പിക് മെഡലിനെക്കാൾ മഹത്തായ ലക്ഷ്യത്തിന്റെ സാക്ഷാത്ക്കാരത്തിനുവേണ്ടി

യാതനാപൂർണമായ അതിജീവനത്തിന്റെയും, നിരന്തരമായി പിന്തുടർന്ന പ്രതികൂല സാഹചര്യങ്ങളെയെല്ലാം മറികടക്കുന്ന ഒരു കായികതാരത്തിന്റെ നിശ്ചയദാർഢ്യത്തിന്റെയും തിളങ്ങുന്ന ഉദാഹരണമാണ് വിനേഷ് ഫോഗട്ട്. ദേശീയ ഗുസ്തി ഫെഡറേഷന്റെ മുൻപ്രസിഡന്റും ബിജെപി എംപിയുമായ ബ്രിജ്ഭൂഷൺ ചരൺസിംഗിൽനിന്ന് പ്രായപൂർത്തിയാകാത്തവരുൾപ്പെടെയുള്ള വനിതാഗുസ്തി താരങ്ങൾക്ക് നേരിടേണ്ടിവന്ന ലൈംഗികപീഡനങ്ങൾക്കെതിരെ നടന്ന ധീരമായ ചെറുത്തുനിൽപ്പിന്റെ മുഖങ്ങളിലൊന്ന് എന്ന നിലയിൽ നിന്നും ഈ രാജ്യത്തെ ജനകോടികളുടെ നിതാന്തപ്രചോദനമായി മാറിയതിലൂടെ വിനേഷ് ഫോഗട്ട് ഇന്ത്യയുടെ കായികചരിത്രത്തിൽ മാത്രമല്ല, സുരക്ഷിതവും മെച്ചപ്പെട്ടതുമായ ഒരു സമൂഹത്തിനായി പൊരുതുന്ന മുഴുവൻ ആളുകൾക്കും പ്രഭചൊരിയുന്നൊരു ജ്യോതിസ്സായി മാറിയിരിക്കുകയാണ്.

ഈ സംഭവം ലോകംമുഴുവൻ അറിഞ്ഞിരിക്കുന്നു. കാരണം അതിന്റെ അവസാനം അദ്ധ്യായം രചിക്കപ്പെട്ടത് അടുത്തിടെ പാരീസിൽ നടന്ന ഒളിമ്പിക് ഗയിംസിലാണ്. ഔദ്യോഗിക ഭാഷ്യം ലളിതമാണ്; ഒളിമ്പിക് ചാമ്പ്യനെയും അമേരിക്കൻ ചാമ്പ്യനെയും യൂറോപ്യൻ ചാമ്പ്യനെയും ഓരോ റൗണ്ടുകളിലായി പരാജയപ്പെടുത്തി ഫൈനലിൽ അമേരിക്കയുടെ ഹിൽഡെ ബ്രാന്റിനെ നേരിടാൻ ഒരുങ്ങുമ്പോഴാണ് മത്സരദിവസം രാവിലെ, അനുവദനീയമായ അമ്പതുകിലോഗ്രാമിനെക്കാൾ നൂറുഗ്രാം തൂക്കം കൂടുതലുണ്ടെന്ന് കണ്ടെത്തി വിനേഷിനെ അയോഗ്യയാക്കുന്നത്. അതോടെ ഒരു മെഡലും ലഭിക്കില്ല എന്ന സ്ഥിതിയായി. എന്തായാലും, രാജ്യത്തെ വ്യത്യസ്ത കായിക അധികൃതരും രാഷ്ട്രീയ നേതൃത്വങ്ങളും, ഒളിമ്പിക്സിന്റെ ഫൈനൽ മത്സരത്തിന് യോഗ്യത നേടുന്നതിലേയ്ക്ക് നയിച്ച സംഭവങ്ങളുമെല്ലാം, ജാഗ്രത്തായ സമൂഹമെന്ന നിലയിൽ ഒരു പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

ഇന്ത്യൻ ഒളിമ്പിക് അസ്സോസിയേഷൻ, ഇന്ത്യയിലെ മറ്റേതൊരു കായിക സംഘടനയെയുംപോലെതന്നെ മാറിവരുന്ന ഭരണകക്ഷികളുടെ റബ്ബർ സ്റ്റാമ്പായിട്ടാണ് ദീർഘകാലമായി പ്രവർത്തിച്ചുവരുന്നത്. വിനേഷ് ഫോഗട്ട് സംഭവത്തിലാകെ ഇവരുടെ പങ്ക് സംശയാസ്പദമാണ്. വിനേഷ് ഫോഗട്ട് അയോഗ്യയാക്കപ്പെട്ട വിവരം അറിയിക്കാൻ ഇവർ കാണിച്ച ഉത്സാഹം, ആ തീരുമാനത്തിനെതിരെ അപ്പീൽ നൽകാൻകാണിച്ചില്ലഎന്നത് ശ്രദ്ധേയമായിരുന്നു. ഒളിമ്പിക് അസ്സോസിയേഷൻ പ്രസിഡന്റ് പി.ടി.ഉഷയാകട്ടെ വിഷയത്തിന്റെ ഉത്തരവാദിത്തിൽനിന്ന് പൂർണമായും സ്വന്തം സംഘടനയെ ഒഴിവാക്കിയെടുക്കാൻ തിടുക്കം കാണിക്കുകയും പൂർണ ഉത്തരവാദിത്തം കായികതാരത്തിന്റെ ചുമലിൽ വയ്ക്കാൻ ഒളിഞ്ഞും തെളിഞ്ഞും ശ്രമം നടത്തുകയും ചെയ്തു. വിഷയം പാർലമെന്റിൽ അവതരിപ്പിച്ച കായികമന്ത്രി മൻസൂഖ് മാണ്ഡവ്യ, ഫോഗട്ടിന്റെ പരിശീലനത്തിനായി മുടക്കിയ പണത്തെക്കുറിച്ച് വാചാലനായി ഏറെ തരംതാണു. ഇതേ മന്ത്രാലയമാണ് വിനേഷിന്റെ കോച്ചുമാരും ഫിസിയോകളുമടക്കമുള്ള സംഘത്തിന് അംഗീകാരം നൽകുന്നത് വച്ചുതാമസിപ്പിച്ചത് എന്നകാര്യവും മറക്കരുത്. വിനേഷ് അയോഗ്യയാക്കപ്പെട്ടതിനെത്തുടർന്ന് ഭരണകക്ഷിയുടെ എംപിമാരും മറ്റും നടത്തിയ വിലകുറഞ്ഞതും കഴമ്പുകെട്ടതുമായ പരാമർശങ്ങളും അവർ ഉള്ളിലടക്കിയ ആഹ്ലാദവുമൊക്കെ അവർക്കെല്ലാം വിനേഷിനോട് എത്രത്തോളം അമർഷമുണ്ടായിരുന്നു എന്ന് വ്യക്തമാക്കി. ഫൈനലിലേയ്ക്കുള്ള യാത്രയിൽ വിനേഷ് ഓരോ മത്സരം ജയിക്കുമ്പോഴും പ്രധാനമന്ത്രി പുലർത്തിയ മൗനം ആയിരുന്നു ഏറ്റവും ശ്രദ്ധേയം. നമ്മുടെ കായികതാരങ്ങളുടെ ഓരോ വിജയത്തിന്റെയും സന്ദർഭത്തിൽ അവരെ അഭിനന്ദിക്കാനും അതിന്റെ ഖ്യാതി പങ്കുപറ്റാനും അദ്ദേഹം എപ്പോഴും ഓടിയെത്തിയിരുന്നു എന്നതുകൊണ്ടുതന്നെ ഇക്കാര്യത്തിലെ മൗനം ഏറെ അസ്വാഭാവികമായി കാണപ്പെട്ടു. അയോഗ്യയാക്കപ്പെട്ടതിനുശേഷമുള്ള അദ്ദേഹത്തിന്റെ സോഷ്യൽ മീഡിയ പോസ്റ്റ് മുതലക്കണ്ണീരായി. ചിന്തിക്കുന്ന ആളുകൾക്ക് അതുകൊണ്ടുതന്നെ വിശേഷിച്ച് അത്ഭുതമൊന്നും തോന്നിയില്ല.

വെറുംനൂറുഗ്രാം ഭാരം കൂടിയതിന്റെ പേരിൽ വിനേഷ് അയോഗ്യയാക്കപ്പെട്ടത് എന്തുകൊണ്ട് എന്നമനസ്സിലാക്കിയാലേ അവരുടെ നേട്ടത്തിന്റെ ഔന്നത്യം നമുക്ക് ഗ്രഹിക്കാൻ കഴിയൂ. നമ്മുടെ രാജ്യം ഭരിക്കുന്നവരുടെ കണ്ണിൽ അവർ കരടായതും ഇതേ കാരണത്താലാണ്. ഫോഗട്ടിന്റെ സ്വാഭാവിക ഭാരം അമ്പത്തിയഞ്ച്, അമ്പത്തിയാറ് കിലോഗ്രാമാണ്. അമ്പത്തിമൂന്ന് കിലോഗ്രാം വിഭാഗത്തിലാണ് അവർ മത്സരിക്കാറുള്ളത്. ബ്രിജ് ഭൂഷന്റെ അറസ്റ്റ് ആവശ്യപ്പെട്ട് ഡൽഹിയിലെ ജന്തർമന്ദറിൽ ഒളിമ്പിക് മെഡൽ ജേതാക്കളായ സാക്ഷി മാലിക്കിനും ബജ്റംഗ് പൂനിയയ്ക്കുമൊപ്പം രാപകലെന്യേ സമരം ചെയ്ത നാളുകളിൽ കഠിനമായ പരിശീലനം ഒഴിവാക്കേണ്ടിവന്നിട്ടുണ്ട്. മാത്രമല്ല, ഒരു ശസ്ത്രക്രിയയും ആ സമയത്ത് നടത്തേണ്ടിവന്നതിനാൽ പരിശീലനത്തിൽനിന്ന് ഏറെ വിട്ടുനിൽക്കേണ്ടിവന്നു. ഇതിനിടയിൽ അമ്പത്തിമൂന്ന് കിലോഗ്രാം വിഭാഗത്തിൽ മത്സരിക്കാൻ മറ്റൊരു കായികതാരം യോഗ്യത നേടുകയും ചെയ്തു. സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ പ്രതികാരനടപടിയെന്നോണം അമ്പത്തിമൂന്ന് കിലോഗ്രാം വിഭാഗത്തിൽ മത്സരിക്കാൻ ഗുസ്തി ഫെഡറേഷൻ അനുമതി നിഷേധിക്കുമോ എന്ന് ആശങ്കയുണ്ടായിരുന്നതുകൊണ്ട് വിനേഷ് അമ്പത്തിമൂന്ന് കിലോഗ്രാം വിഭാഗത്തിലും അമ്പതുകിലോഗ്രാം വിഭാഗത്തിലും ട്രയൽസിന് തയ്യാറായി. അതിൽ അമ്പതുകിലോഗ്രാം വിഭാഗത്തിൽ ഒളിമ്പിക്സിൽ പങ്കെടുക്കാൻ യോഗ്യത നേടുകയും ചെയ്തു. ഗുസ്തിപോലൊരു കഠിനമായ കായികമത്സരത്തിൽ രണ്ടുമാച്ചുകൾക്കിടയിൽ ഭാരം കുറയുകയും കൂടുകയുമൊക്കെ ചെയ്യുന്നത് സ്വാഭാവികമാണ്. വിനേഷിന് ഒളിമ്പിക്സിൽ മത്സരിക്കാൻ അഞ്ച്-ആറ് കിലോഭാരം കുറയ്ക്കേണ്ടിവന്നു. അതും താൻ ആഗ്രഹിക്കാത്ത ഒരു ഇനത്തിൽ മത്സരിക്കാൻ വേണ്ടി. ഈയൊരു കാര്യത്തിൽനിന്നുതന്നെ അവരുടെ സ്വഭാവദൃഢതയും നിശ്ചയദാർഢ്യവും വ്യക്തമാണ്. ഇതെല്ലാം വേണ്ടിവന്നത് അധികാരികൾ, വിശേഷിച്ചും ബ്രിജ് ഭൂഷൺതന്നെ ഫലത്തിൽ ഇന്നും നയിക്കുന്ന ഗുസ്തി ഫെഡറേഷൻ ഉയർത്തിയ നിരവധി പ്രതിബന്ധങ്ങളുടെ പേരിലാണ് എന്നതാണ് യാഥാർത്ഥ്യം.



വിനേഷ് ഫോഗട്ടിന്റെ കഥ നമ്മിൽ ആദരവുണർത്തുന്നതാണ്. തന്റെ നിയന്ത്രണങ്ങൾക്കപ്പുറത്തുള്ള കാര്യങ്ങളുടെ പേരിലാണ് അവർ അയോഗ്യയാക്കപ്പെട്ടത്. ചുരുങ്ങിയപക്ഷം അത് സംശയാസ്പദമാണ്. എന്നാൽ ഏറ്റവും മഹത്തായ പോരാട്ടത്തിൽ അവർ വിജയം വരിച്ചു കഴിഞ്ഞിരിക്കുന്നു. അനേകം പെൺകുട്ടികൾക്ക് സുരക്ഷിതമായ ഒരു തൊഴിലിടം ഉറപ്പാക്കുന്നതിനുവേണ്ടി തന്റെ ഔദ്യോഗിക ജീവിതം ത്യജിക്കാൻ ഒരുക്കമാണെന്ന് വിനേഷ് ഫോഗട്ട് പ്രഖ്യാപിച്ചത് വിഖ്യാതമാണ്. ഒളിമ്പിക്സ് മുന്നിൽവന്നിട്ടും അവർ തന്റെ ലക്ഷ്യത്തിൽനിന്ന് അണുവിട വ്യതിചലിച്ചില്ല. ഈ ഒളിമ്പിക്സോടെ ഗുസ്തിയിൽനിന്ന് വിരമിക്കുമെന്നും ഇത് തന്റെ അവസാനത്തെ അവസരമാണെന്നും ബോധ്യമുണ്ടായിട്ടും തനിക്കുപിന്നാലെ വരുന്ന സ്ത്രീകൾക്കുവേണ്ടി അവർ പൊരുതി. തങ്ങളുടെ സഹായത്തിനെത്താൻ തയ്യാറാകുന്നില്ലെന്നുമാത്രമല്ല, ഉപദ്രവിച്ചവരെ മർക്കടമുഷ്ടിയോടെ സംരക്ഷിക്കുകയും ചെയ്യുന്ന അധികാരികളുടെ മുഖത്ത് ഏറ്റവും വലിയ പ്രഹരമേൽപ്പിക്കാനുള്ള അവസരമാണ് ലോകത്തെ സാക്ഷി നിർത്തി ഒരു ഒളിമ്പിക്സ് മെഡൽ സ്വന്തമാക്കുന്നതെന്ന് വിനേഷ് ഗാഢമായി വിശ്വസിച്ചിരുന്നു. അധികാരികൾക്കും ഇത് നന്നായി അറിയാമായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ. എന്നാൽ വിനേഷിന്റെ ചങ്കുറപ്പ് അനേകർക്ക് പ്രചോദനമാകുകയും അവരെല്ലാം വിനേഷിന്റെ ഓരോ വിജയവും ആഘോഷമാക്കുകയും അവർ ഏറെ അഭിലഷിച്ച സ്വർണമെഡൽ നേടുന്നതിനായി പ്രതീക്ഷയോടെ കാത്തിരിക്കുകയും ചെയ്തു. വിനേഷ് അയോഗ്യയാക്കപ്പെട്ടതോടെ ഉണ്ടായ രോഷവും ആശാഭംഗവും വളരെ പെട്ടെന്നുതന്നെ ധീരയായ ഗുസ്തിതാരത്തിന്റെ വീറ്റുറ്റ പോരാട്ടത്തിനുള്ള ലോകത്തിന്റെ ആദരവും അംഗീകാരവുമായി മാറി. ഇന്ത്യയിൽ മടങ്ങിയെത്തിയപ്പോൾ ലഭിച്ച ഹൃദയഹാരിയും ആവേശകരവുമായ സ്വീകരണം ഒരു ദിശാസൂചനയാണെങ്കിൽ, വിനേഷ് ഫോഗട്ടിന്റെയും സഹതാരങ്ങളുടെയും പോരാട്ടം തീർച്ചയായും ഈ രാജ്യത്തിന്റെ മനസ്സാക്ഷിയെ ഉണർത്തിയിട്ടുണ്ട്. കായികരംഗത്തുമാത്രമല്ല, പൊതുരംഗങ്ങളിലാകെ സ്ത്രീകളുടെ പങ്കാളിത്തത്തിന് തടസ്സം സൃഷ്ടിക്കുന്ന ഒരു സമൂഹത്തെ സംബന്ധിച്ചിടത്തോളം ഇത് അതീവ പ്രാധാന്യമുള്ള കാര്യമാണ്.

സ്ത്രീകൾ ഇന്നത്തെ സാമൂഹ്യസാഹചര്യത്തിൽ ഒട്ടും സുരക്ഷിതരല്ലെന്ന് തെളിയിക്കുന്ന സംഭവവികാസങ്ങളാണ് നമ്മുടെ രാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നിരന്തരമായ പോരാട്ടങ്ങളിലൂടെയും സ്പോർട്സ് പോലുള്ള കൂട്ടായ സംരംഭങ്ങളിലൂടെയും മാത്രമേ നമുക്ക് യഥാർത്ഥ ജനാധിപത്യവൽക്കരണം സാക്ഷാത്ക്കരിക്കാൻ കഴിയൂ. ഈ പോരാട്ടത്തിന്റെ ചരിത്രത്തിൽ വിനേഷ് ഫോഗട്ടിന്റെ പങ്ക് ഒരിക്കലും മങ്ങലേൽക്കാത്തവണ്ണം എഴുതിച്ചേർക്കപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ചും കായികതാരങ്ങളും മറ്റുപ്രശസ്തരുമായ ആളുകൾ സ്വാർത്ഥതാല്പര്യങ്ങൾക്കായി ഓശാന പാടുകയോ നിശബ്ദത പാലിക്കുകയോ ചെയ്യുന്ന ഇന്നത്തെ ലോകത്ത്. ഒരു ഒളിമ്പിക് മെഡലിനെക്കാൾ എത്രയോ മഹത്തരമായ ഒരു ലക്ഷ്യത്തിന്റെ സാക്ഷാത്ക്കാരത്തിനുവേണ്ടിയാണ് വിനേഷ് ഫോഗട്ട് ഈ തീക്ഷ്ണമായ പോരാട്ടം നടത്തിയത് എന്ന് ലോകം തിരിച്ചറിയുകതന്നെ ചെയ്യുമെന്നുറപ്പാണ്. ■

## അവശ്യസാധനങ്ങൾക്ക് തീവില...

(5-ാം പേജിൽ നിന്ന്)

പയായി ഉയർന്നിരിക്കുന്നത്. ഡീസലിനാകട്ടെ 3.56രൂപയിൽനിന്നും 35 രൂപയായി ഉയർന്നിരിക്കുന്നു. ഇതൊന്നും പോരാതെയാണ് സംസ്ഥാനം വീണ്ടും രണ്ടുരൂപ അധികനികുതി ഏർപ്പെടുത്തിയിരിക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും വിലനിർണയിക്കുന്നത് എണ്ണക്കമ്പനികളാണ്; സർക്കാരിന് അതിൽ യാതൊന്നും ചെയ്യാനില്ല എന്നാണ് ഓരോ വിലവർദ്ധനവിന്റെയും ന്യായീകരണം. ലോകവിപണിയിലെ വിലയിടിവ് വഴിമാത്രം കേന്ദ്രസർക്കാർ അധികമായി നേടിയത് 8 ലക്ഷംകോടി രൂപയാണെന്ന ഞെട്ടിപ്പിക്കുന്ന കണക്ക് പുറത്തുവന്നിരിക്കുന്നു. പെട്രോളിയം ഉത്പന്നങ്ങളുടെമാത്രമല്ല നിത്യോപയോഗസാധനങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയുമെല്ലാം വില ഉയരുന്നതിന് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവ് കളമൊരുക്കും.

വിദ്യാഭ്യാസവും വളരെയേറെ പണച്ചെലവുള്ള മേഖലയായി മാറിയിരിക്കുന്നു. പ്രൊഫഷണൽ, വൊക്കേഷണൽ കോഴ്സുകൾ മാത്രമല്ല, ആർട്സ് ആന്റ് സയൻസ് ബിരുദ കോഴ്സുകൾപോലും പലതും സെൽഫ് ഫൈനാൻസിംഗ് ആയിമാറിക്കൊണ്ടിരിക്കുന്നു. പുതുതായി ആരംഭിച്ച നാലു വർഷ ഡിഗ്രി കോഴ്സിന്റെ ഫീസ് ഘടന അമ്പരപ്പിക്കുന്ന വിധത്തിൽ ഉയർന്നതാണ്. രാജ്യത്തിനുള്ളിലെ തൊഴിൽ സാധ്യത മങ്ങുന്നതിനാൽ വിദേശത്തേയ്ക്ക് കുടിയേറുന്ന സാഹചര്യവും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. ജനങ്ങളെ സംബന്ധിച്ചിടത്തോളം മനുഷ്യോചിതമായ ജീവിതം അസാധ്യമായിക്കൊണ്ടിരിക്കുന്നു. സർക്കാരുകളുടെ കോർപ്പറേറ്റ് അനുകൂല നയങ്ങളും നടപടികളുമാണ് ജനജീവിതം മേൽക്കുമേൽ ദുസ്സഹമാക്കുന്നത്. ഇന്ത്യയിലെ മുതലാളിത്ത സാമൂഹ്യക്രമത്തിന്റെ ആഴമാർന്ന പ്രതിസന്ധിയാണ് ജനങ്ങളുടെ ജീവിതദുരിതങ്ങളായി പ്രത്യക്ഷപ്പെടുന്നത്. അവശ്യ നിത്യോപയോഗ സാധനങ്ങളുടെ സംഭരണവും വിതരണവും സർക്കാർ ഏറ്റെടുക്കുന്ന സമ്പൂർണ്ണ സ്റ്റേറ്റ് ട്രേഡിംഗ് ഏർപ്പെടുത്തുക എന്ന, ജനങ്ങളുടെ ദീർഘകാലാഡിമാന്റ് നേടിയെടുക്കുന്നതിലൂടെയേ ജനങ്ങൾക്ക് അല്പമെങ്കിലും ആശ്വാസം ലഭിക്കൂ. അതിന് അതിശക്തമായ ബഹുജനപ്രക്ഷോഭം അനിവാര്യമായിരിക്കുന്നു. ■










എഐയുറ്റിയുസി ആലപ്പുഴ ജില്ലാ സമ്മേളനം സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു. കൂത്താട്ടുകുളം ടൗൺഹാളിൽ നടന്ന എഐയുറ്റിയുസി എറണാകുളം ജില്ലാ സമ്മേളനം ദേശീയ വർക്കിംഗ് കമ്മിറ്റി അംഗം സഖാവ് അബ്ദുൾഅസീസ് ഉദ്ഘാടനം ചെയ്യുന്നു. എഐയുറ്റിയുസി കൊല്ലം ജില്ലാസമ്മേളനത്തോടനുബന്ധിച്ച് അഞ്ചലിൽ നടന്ന പ്രകടനം

## എഐയുറ്റിയുസി ജില്ലാസമ്മേളനങ്ങൾ

### ആലപ്പുഴ

ആൾ ഇന്ത്യ യുണൈറ്റഡ് ട്രേഡ് യൂണിയൻ സെന്റർ (എഐയുറ്റിയുസി) ജില്ലാ സമ്മേളനം ആലപ്പുഴ നരസിംഹപുരം ആഡിറ്റോറിയത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്തു. ഐസിലും തണുപ്പിലും രാപകൽ പണിയെടുക്കുന്ന ചെമ്മീൻപീലിംഗ് തൊഴിലാളികൾക്ക് ബോണസ് ഓണത്തിനു മുമ്പുതന്നെ നല്കണമെന്ന് വി.കെ.സദാനന്ദൻ ആവശ്യപ്പെട്ടു.

എഐയുറ്റിയുസി സംസ്ഥാന വൈസ് പ്രസിഡന്റും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറിയുമായ എസ്.സീതിലാൽ മുഖ്യപ്രസംഗം നടത്തി. കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി അഡ്വ.എം.എ.ബിന്ദു, എഐയുറ്റിസി ജില്ലാ സെക്രട്ടറി പി.ആർ. സതീശൻ എന്നിവർ പ്രസംഗിച്ചു. പുതിയ ഭാരവാഹികളായി കെ.ആർ.ശശി (പ്രസിഡന്റ്), പി.പി.വിജയൻ, ആർ.അർജ്ജുനൻ, കെ.ശശികുമാർ, പി.ആർ.സതീശൻ, കെ.പ്രതാപൻ, എം.പി.കാർത്തികേയൻ(വൈസ് പ്രസിഡന്റുമാർ), അനിൽ പ്രസാദ്(സെക്രട്ടറി), വി.വേണുഗോപാൽ, കെ.പി.സുബൈദ, മധു ചെങ്ങന്നൂർ, ഭുവനേശ്വർ, വി.ആർ. അനിൽ, പ്രണീഷ് കുമാർബി, ബിജു സേവ്യർ(ജോയിന്റ് സെക്രട്ടറിമാർ), കെ.പി.മനോഹരൻ(ട്രഷറർ) എന്നിവരെ സമ്മേളനം തിരഞ്ഞെടുത്തു.

### കൊല്ലം

സംസ്ഥാനത്തെ മുഴുവൻ ക്ഷേമനിധി ബോർഡുകളിലും മാസങ്ങളായി കടിശിക ആയിരിക്കുന്ന പെൻഷൻ ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും അടിയന്തരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് അഞ്ചൽ വിശ്വഭാരതി കോളേജിൽ ചേർന്ന എഐയുടിയുസി കൊല്ലം ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ സമ്മേളനം ഉദ്ഘാടനം ചെയ്തു.

ജില്ലാപ്രസിഡന്റ് എസ്.രാധാകൃഷ്ണൻ അധ്യക്ഷനായ സമ്മേളനത്തിൽ സംസ്ഥാന വൈസ്പ്രസിഡന്റ് ഷൈല കെ.ജോൺ, ജില്ലാ സെക്രട്ടറി ബി.വിനോദ്, ജി. ധ്രുവകുമാർ തുടങ്ങിയവർ പ്രസംഗിച്ചു. കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ ജില്ലാ കൺവീനർ ട്വിങ്കിൾ പ്രഭാകരൻ, കശുവണ്ടി തൊഴിലാളി സെന്റർ സംസ്ഥാന കമ്മിറ്റി അംഗം വി.ലീല, കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ ജില്ലാ വൈസ് പ്രസിഡന്റ് ആർ.ഹരിദാസൻ, ജി.സതീശൻ, ഓട്ടോറിക്ഷ തൊഴിലാളി സെന്റർ സംസ്ഥാന കമ്മിറ്റി അംഗംഎസ്. ഭാർഗവൻ, ഷാനവാസ്, പ്ലാന്റേഷൻ വർക്കേഴ്സ് സെന്റർ സംസ്ഥാന കമ്മിറ്റിഅംഗം ഇ.കുഞ്ഞുമോൻ, കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ ജില്ലാ കൺവീനർ എം. ജിജീഷ്, തയ്യൽ തൊഴിലാളി സെന്റർ ജില്ലാ കൺവീനർ ടി.ശശിധരൻ തുടങ്ങിയവർ വിവിധ പ്രമേയങ്ങൾ അവതരിപ്പിച്ചു. സി.മുരളി സ്വാഗതവും ആർ.ഹരിദാസൻ നന്ദിയും പറഞ്ഞു. എസ്.രാധാകൃഷ്ണൻ പ്രസിഡന്റും ബി.വിനോദ് സെക്രട്ടറിയുമായി 23അംഗ ജില്ലാ കമ്മറ്റിയെയും സമ്മേളനം തിരഞ്ഞെടുത്തു.

### എറണാകുളം

കൂത്താട്ടുകുളം മുൻസിപ്പൽ ടൗൺഹാളിൽ നടന്ന എഐയുറ്റിയുസി എറണാകുളം ജില്ലാസമ്മേളനം എഐയുറ്റിയുസി അഖിലേന്ത്യ വർക്കിംഗ് കമ്മിറ്റി അംഗം അബ്ദുൽ അസീസ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് പി.എം.ദിനേശൻ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി കെ. എസ്.ഹരികുമാർ രാഷ്ട്രീയ-സംഘടന റിപ്പോർട്ട് അവതരിപ്പിച്ചു.സംസ്ഥാനവൈസ്പ്രസിഡന്റ് എൻ.ആർ. മോഹൻ കുമാർ മുഖ്യപ്രസംഗംനടത്തി.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ടി.കെ.സുധീർകുമാർ, എം.എൻ.അനിൽ(കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ), റ്റി.കെ. അബ്ദുൽ ഖാദർ (കെഎസ്ഇ വർക്കേഴ്സ് യൂണിയൻ), കെ.ഒ.ഷാൻ(കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ), ടി.സി.രമണൻ(പ്ലാന്റേഷൻ വർക്കേഴ്സ് സെന്റർ), പി.സി.ജോളി (എഐ കെകെഎംഎസ്), സി.കെ.തമ്പി (സമ്മേളന സംഘാടക സമിതി ജനറൽ കൺവീനർ) തുടങ്ങിയവർ പ്രസംഗിച്ചു. പി.എം.ദിനേശൻ(പ്രസിഡന്റ്), പി.പി.സജീവ്കുമാർ(വൈസ് പ്രസിഡന്റ്), കെ.എസ്.ഹരികുമാർ(സെക്രട്ടറി), സി.കെ.ശിവദാസൻ (ട്രഷറർ) ആയി 30 അംഗ ജില്ലാ കമ്മിറ്റിയെ സമ്മേളനം തിരഞ്ഞെടുത്തു. ■

# ഹേമ കമ്മിറ്റി റിപ്പോർട്ട്: കുറ്റവാളികൾക്ക് തണലൊരുക്കിയത് സർക്കാർ: എഐഎംഎസ്എസ്

സിനിമാരംഗത്ത് വനിതാ പ്രവർത്തകർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ പുറത്തുകൊണ്ടുവന്ന ഹേമ കമ്മിറ്റി റിപ്പോർട്ട് പൂഴ്ത്തിവച്ച സംസ്ഥാന സർക്കാരാണ് യഥാർത്ഥ കുറ്റവാളിയെന്ന് എഐഎംഎസ്എസ് അഖിലേന്ത്യാവൈസ് പ്രസിഡന്റ് ഷൈല കെ.ജോൺ കുറ്റപ്പെടുത്തി. ഹേമ കമ്മിറ്റി റിപ്പോർട്ടിൽ സമഗ്രാന്വേഷണം നടത്തി കുറ്റവാളികൾക്ക് കർശന ശിക്ഷ ഉറപ്പാക്കുക, സിനിമാ മേഖലയിലെ തൊഴിൽ, ലൈംഗിക ചൂഷണത്തിനറുതി വരുത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സെക്രട്ടേറിയറ്റിനുമുന്നിൽ സംഘടിപ്പിച്ച പ്രതിഷേധ കൂട്ടായ്മ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.




ഹേമ കമ്മിറ്റി റിപ്പോർട്ടിൽ സമഗ്രാന്വേഷണം നടത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് എഐഎംഎസ്എസ് സെക്രട്ടേറിയറ്റിനുമുന്നിൽ സംഘടിപ്പിച്ച പ്രതിഷേധം എഐഎംഎസ്എസ് അഖിലേന്ത്യ വൈസ് പ്രസിഡന്റ് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്യുന്നു.

പ്രമുഖ നടി ആക്രമിക്കപ്പെട്ട സംഭവത്തെ തുടർന്ന് സിനിമാരംഗത്തെ ഇത്തരം പ്രശ്നങ്ങൾ പഠിക്കാൻ സർക്കാർ നിയോഗിച്ച കമ്മിറ്റിയാണിത്. പൊതുഖജനാവിൽനിന്ന് പണം മുടക്കി നിയോഗിച്ച ഈ കമ്മിറ്റിയുടെ റിപ്പോർട്ട് കഴിഞ്ഞ നാലര വർഷമായിട്ടും പുറത്തു വിടാതിരുന്ന സർക്കാർ കുറ്റവാളികൾക്ക് തണലൊരുക്കുകയായിരുന്നു. അഭിനേതാക്കൾ മാത്രമല്ല, സംവിധായകരും പ്രൊഡ്യൂസർമാരും മുതൽ ജൂനിയർ ആർട്ടിസ്റ്റുകളും ടെക്നിക്കൽ ജീവനക്കാരുംവരെയുള്ള നിരവധി വനിതകളാണ് സിനിമ ഇൻഡസ്ട്രിയിലുള്ളത്. അവർ നേരിടുന്ന ഗുരുതരമായ വിവേചനങ്ങളും ലൈംഗിക പീഡനങ്ങളും ആണ് ഹേമ കമ്മിറ്റി റിപ്പോർട്ട് സമൂഹത്തിന് മുന്നിൽ കൊണ്ടുവന്നിരിക്കുന്നത്. ഈ മേഖലയിൽ മാത്രമല്ല, സ്ത്രീകൾ പണിയെടുക്കുന്ന എല്ലാ മേഖലകളിലും തൊഴിൽ, ലൈംഗിക ചൂഷണങ്ങളും കടുത്ത വിവേചനങ്ങളും നേരിടുന്നുവെന്നതാണ് യഥാർത്ഥ്യം. ഇതിനറുതിവരുത്താൻ വനിതകൾ ശക്തമായ പ്രക്ഷോഭണത്തിന്റെ പാതയിൽ അണിനിരക്കണമെന്ന് അവർ പറഞ്ഞു.

സംസ്ഥാന പ്രസിഡന്റ് എസ്. സൗഭാഗ്യകുമാരി അദ്ധ്യക്ഷതവഹിച്ചു. സംസ്ഥാനസെക്രട്ടറി കെ.എം. ബീവി, സംസ്ഥാന വൈസ് പ്രസിഡന്റ് കെ. ജെ.ഷീല, ജില്ലാ പ്രസിഡന്റ് എ.സബൂറ എന്നിവർ പ്രസംഗിച്ചു. എസ്.രാധാമണി, എം.കെ. ഉഷ, ട്വിങ്കിൾ പ്രഭാകരൻ, ടി.ആർ. രാജിമോൾ എന്നിവർ പ്രതിഷേധ പരിപാടിക്ക് നേതൃത്വം നൽകി.■

## ആർജി കർ: പ്രതിഷേധം തുടരുന്നു...



പത്തനംതിട്ട പ്രൈവറ്റ് ബസ് സ്റ്റാൻഡിനുസമീപം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാകമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധ സംഗമം ജില്ലാ സെക്രട്ടറി ബിനു ബേബി ഉദ്ഘാടനം ചെയ്യുന്നു.




കോട്ടയം കെഎസ്ആർടിസി ബസ്സ്റ്റാൻഡിനുമുന്നിൽ എഐഡിഎസ്ഒ, എഐഡിവൈഒ, എഐഎംഎസ്എസ് എന്നീ സംഘടനകൾ സംയുക്തമായി നടത്തിയ പ്രതിഷേധ സംഗമത്തിൽ എഐഡിവൈഒ ജില്ലാ സെക്രട്ടറി അരവിന്ദ് വേണുഗോപാൽ പ്രസംഗിക്കുന്നു.




കൊല്ലത്ത് ചിന്നക്കടയിൽ നടന്ന പ്രതിഷേധകൂട്ടായ്മ എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി കെ.എം.ബീവി ഉദ്ഘാടനം ചെയ്യുന്നു.

REGISTERED.
R.N. 24773/1992

UNITY Malayalam Monthly

2024 September
Price: Rs. 10.00

# കുമാരനാശാൻ ചരമശതാബ്ദി ആചരണം



കുമാരനാശാൻ ചരമശതാബ്ദി ആചരണ സമിതിയും കായിക്കര ആശാൻ മെമ്മോറിയൽ അസോസിയേഷനും സംയുക്തമായി സംഘടിപ്പിച്ച സമ്മേളനം ഡോ.രാജ വാര്യർ ഉദ്ഘാടനം ചെയ്യുന്നു.

## കായിക്കര ആശാൻ സ്മാരകത്തിൽ

മഹാകവി കുമാരനാശാൻ ചരമശതാബ്ദി ആചരണ സമ്മേളനവും കാവ്യസായാഹ്നവും കായിക്കര ആശാൻ സ്മാരകത്തിൽ നടന്നു. ഡോ. രാജ വാര്യർ ഉദ്ഘാടനം ചെയ്തു. പ്രൊഫ.എം.കെ.സാനു ചെയർമാനായിട്ടുള്ള കുമാരനാശാൻ ചരമശതാബ്ദി ആചരണ സമിതിയും കായിക്കര ആശാൻ മെമ്മോറിയൽ അസോസിയേഷനും സംയുക്തമായാണ് സമ്മേളനം സംഘടിപ്പിച്ചത്. കുമാരനാശാൻ ചരമശതാബ്ദി ആചരണ സമിതി സംസ്ഥാന സമിതി അംഗം എം.കൃഷ്ണകുമാർ വിഷയാവതരണം നടത്തി. ആചരണ സമിതി ജില്ലാ ചെയർമാൻ എം.പി.സുഭാഷ്, രാമചന്ദ്രൻ കരവാരം, ആർ.ബിജു, എം.ഷാജർഖാൻ, ബി.രവി, എസ്.വിശ്വകുമാർ, ഗിരീഷ് ബാബു കടയ്ക്കാവൂർ, കെ.റഹീം, സുരേഷ് റ്റി, എ.ഷൈജു എന്നിവർ പങ്കെടുത്തു. പ്രൊഫ.ബി.ഭുവനേന്ദ്രൻ കാവ്യസായാഹ്നം ഉദ്ഘാടനം ചെയ്തു. കായിക്കര അശോകൻ അദ്ധ്യക്ഷത വഹിച്ചു. നിരവധി കവികൾ ആശാൻ കവിതകൾ ആലപിച്ചു. എസ്.വിശ്വകുമാർ ചെയർമാനും ഗിരീഷ് ബാബു കടയ്ക്കാവൂർ കൺവീനറുമായി ആചരണ സമിതിയുടെ പ്രാദേശിക ഘടകത്തിന് രൂപം നൽകി.

## ആർഎൽവി കോളേജിൽ

തൃപ്പൂണിത്തുറ ആർഎൽവി കോളേജിലെ എൻഎസ്എസ് യൂണിറ്റും അക്ഷരത്തുറ സാംസ്കാരിക വേദിയും സംയുക്തമായി സംഘടിപ്പിച്ച സമ്മേളനം സാഹിത്യ പ്രവർത്തകനും കവിയുമായ ചെറുകുന്നം വാസുദേവൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. കുമാരനാശാൻ ചരമശതാബ്ദി ആചരണ സംസ്ഥാനസമിതി അംഗം എൻ.കെ.ബിജു കുമാരനാശാനും കേരള നവോത്ഥാനവും എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. സുധീഷ് കോട്ടേമ്പ്രം, ജയചന്ദ്രൻ തോന്നയ്ക്കൽ എന്നിവർ പ്രസംഗിച്ചു.



തൃപ്പൂണിത്തുറ ആർഎൽവി കോളേജിലെ എൻഎസ്എസ് യൂണിറ്റും അക്ഷരത്തുറ സാംസ്കാരിക വേദിയും സംയുക്തമായി സംഘടിപ്പിച്ച സമ്മേളനം ചെറുകുന്നം വാസുദേവൻ ഉദ്ഘാടനം ചെയ്യുന്നു.

മെഡോൺ എബ്രഹാം, വിനയ എന്നീ വിദ്യാർത്ഥികൾ ആശാൻ കവിതകൾ അവതരിപ്പിച്ചു. കോളേജിലെ മലയാളം വിഭാഗം അധ്യാപകനായ ഹലീൽ റഹ്മാൻ സ്വാഗതവും ആചരണ സമിതി ജില്ലാ കൺവീനർ പി.പി. സജീവ് കുമാർ നന്ദിയും പറഞ്ഞു.

## തൊടുപുഴയിൽ

മഹാകവി കുമാരനാശാൻ ചരമശതാബ്ദി ആചരണങ്ങൾക്ക് ഇടുക്കി ജില്ലയിൽ തുടക്കം കുറിച്ചുകൊണ്ട് തൊടുപുഴ എൻഎസ്എസ് ഹാളിൽ നടന്ന "ചിന്താവിഷ്ടയായ



തൊടുപുഴ എൻഎസ്എസ്ഹാളിൽ നടന്ന "ചിന്താവിഷ്ടയായ സീത" ഒരാസ്വാദനം പരിപാടിയിയിൽ എസ്. സൗഭാഗ്യകുമാരി പ്രസംഗിക്കുന്നു.

സീത" ഒരാസ്വാദനം പരിപാടി സമിതി ജില്ലാ രക്ഷാധികാരി ജോസ് കോനാട്ട് ഉദ്ഘാടനംചെയ്തു. സംസ്ഥാന സമിതി അംഗം എസ്.സൗഭാഗ്യകുമാരി വിഷയാവതരണം നടത്തി.

## കണ്ണൂരിൽ

കണ്ണൂരിൽ കിഴുന്ന എൽപി സ്കൂളിൽ നടന്ന കുമാരനാശാൻ ചരമശതാബ്ദിയാചരണ പ്രഭാഷണ പരിപാടി കണ്ണൂർ കോർപ്പറേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാർ സുരേഷ് ബാബു എളയാവൂർ ഉദ്ഘാടനം ചെയ്തു. ആചരണ സമിതി സംസ്ഥാന സമിതിയംഗം ആർ. പാർത്ഥസാരത്ഥി വർമ്മ വിഷയാവതരണം നടത്തി. ■



കണ്ണൂർ, കിഴുന്ന എൽപി സ്കൂളിൽ നടന്ന കുമാരനാശാൻ ചരമശതാബ്ദിയാചരണ സമ്മേളനത്തിൽ ആർ. പാർത്ഥസാരഥി വർമ്മ പ്രസംഗിക്കുന്നു.



ആശാവർക്കമാരുടെ സെക്രട്ടേറിയറ്റ് ധർണ കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസ്സോസിയേഷൻ സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.

# ആശാവർക്കർമാരുടെ സെക്രട്ടേറിയറ്റ് ധർണ്ണ

**ആ**ശാവർക്കർമാർക്ക് ഓണത്തിന് 10,000 രൂപ ഉത്സവബത്ത അനുവദിക്കുക, 62 വയസ്സ് തികഞ്ഞ ആശാവർക്കർമാരെ പിരിച്ചുവിടാനുള്ള 2022 മാർച്ച് 2ന്റെ ഉത്തരവ് പിൻവലിക്കുക, വിരമിക്കൽ ആനുകൂല്യമായി 5 ലക്ഷംരൂപ നൽകുക, ആശാവർക്കർമാരെ ആരോഗ്യ വകുപ്പിൽ സ്ഥിരപ്പെടുത്തുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചു കൊണ്ട് കേരളാ ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ (കെഎഎച്ച്ഡബ്ല്യുഎ) നേതൃത്വത്തിൽ സെക്രട്ടേറിയറ്റ് ധർണ്ണ നടത്തി.

സംസ്ഥാന പ്രസിഡന്റ് വി.കെ. സദാനന്ദൻ ധർണ്ണ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി എം.എ. ബിന്ദു അദ്ധ്യക്ഷത വഹിച്ചു. ചെമ്പകം, ലളിതമ്മ ജോയി, ദീപ ഒ.ജി, ഗീത, ഗീത തമ്പി, ശാലിനി, സി.സി.മിനി, കെ.കെ.ശോഭ, ട്വിങ്കിൾ പ്രഭാകരൻ, തത്ത ഗോപിനാഥ്, സുഗന്ധി, ആശാരാജ്, എ.സജീന, എ.സബൂറ, എസ്.മിനി, എച്ച്.സതി എന്നിവർ പ്രസംഗിച്ചു. ■

## കരിമണൽഖനനത്തിനെതിരെ...




അനധികൃതകരിമണൽ ഖനനം അവസാനിപ്പിക്കുക, കരിമണൽ കമ്പനികൾ തീരംവിടുക തുടങ്ങിയആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തോട്ടപ്പള്ളിയിൽ നടന്ന സമരപ്രഖ്യാപന കൺവൻഷനിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആലപ്പുഴ ജില്ലാസെക്രട്ടറി സഖാവ് എസ്.സീതിലാൽ പ്രസംഗിക്കുന്നു.




നെൽകർഷക സംരക്ഷണസമിതി സംസ്ഥാന സമ്മേളനത്തിൽ എഐകെകെഎംഎസ് സംസ്ഥാന സെക്രട്ടറി എൻ.വിനോദ് കുമാർ പ്രസംഗിക്കുന്നു.

# നെൽകർഷക സംരക്ഷണ സമിതി ഒന്നാം സംസ്ഥാന സമ്മേളനം

**കേ**രളത്തെ അന്നമൂട്ടുന്ന നെൽ കർഷകന്റെ സംഘടിത ശബ്ദം നെൽകർഷക സംരക്ഷണ സമിതി(എൻകെഎസ്എസ്)യുടെ ഒന്നാം സംസ്ഥാന സമ്മേളനം മാമ്പുഴക്കരി എസ്എൻഡിപി ഹാളിൽ നടന്നു. കൊടിക്കുന്നിൽ സുരേഷ് എംപി ഉദ്ഘാടനം ചെയ്തു. എൻകെഎസ്എസ് സംസ്ഥാന പ്രസിഡന്റ് റജീന അഷറഫ് അദ്ധ്യക്ഷത വഹിച്ചു. ആന്റോ ആന്റണി എംപി മുഖ്യ പ്രസംഗം നടത്തി. നിരണം ഭദ്രാസന മുൻ അധിപൻ ഡോ.ഗീവർഗ്ഗീസ് മാർ കുറിലോസ് മുഖ്യഅഥിതിയായി പങ്കെടുത്തു.

കായൽ ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ.കെ.ജി.പത്മകുമാർ, എഐകെകെഎംഎസ് സംസ്ഥാന സെക്രട്ടറി എൻ.വിനോദ് കുമാർ, പാലക്കാട്കർഷക സംരക്ഷണ സമിതി നേതാക്കളായ സി.വിജയൻ സി.പ്രഭാകരൻ, കെ. ശിവാനന്ദൻ, നെൽകർഷക സംരക്ഷണ സമിതി സംസ്ഥാനനേതാക്കളായ വി.ജെ. ലാലി, സാം ഈപ്പൻ, സോണിച്ചൻ പുളിങ്കുന്ന്, പി.ആർ.സതീശൻ, ജോൺ സി. ടിറ്റോ, ജോസ് കാവനാട്, കെ. ബി.മോഹനൻ, ലാലിച്ചൻ പള്ളിവാതുക്കൽ, പി.വേലായുധൻനായർ, മാത്യൂസ് കോട്ടയം, സുനു പി. ജോർജ്, ഫാ.തോമസ് ഇരുമ്പുകുത്തി, ജോഷി നെടുമുടി തുടങ്ങിയവർ പ്രസംഗിച്ചു. ■

Volume: 51 No: 6 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.